# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL, 2015 TO 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 19-ാം തീയതി സമർപ്പിച്ചത്

Presented on 19th October, 2016

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2016

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

(2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1ST APRIL, 2015 TO 31ST MARCH, 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

807/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 32 |

# വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2016-2019)

### ഘടന

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
ശ്രീ. കെ. ദാസൻ ,,
ശ്രീ. ടി. വി. ഇബ്രാഹിം ,,
ശ്രീ. എം. രാജഗോപാലൻ ,,
ശ്രീ. വി. പി. സജീന്ദ്രൻ ,,
ശ്രീ. തോമസ് ചാണ്ടി ,,
ശ്രീ. പി. ഉണ്ണി ,,
ശ്രീമതി വീണാ ജോർജ്ജ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിച്ച 2013-2016 കാലയളവിലേക്കുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സമിതി, റിപ്പോർട്ട് കാലയളവിൽ 20-4-2015, 27-4-2015, 5-5-2015, 12-5-2015, 19-5-2015, 20-7-2015, 20-8-2015, 17-11-2015, 1-12-2015, 15-2-2016 എന്നീ തീയതികളിലായി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 20-4-2015, 27-4-2015 തീയതികളിൽ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 5-5-2015-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായുമാണ് യോഗം ചേർന്നത്. 19-5-2015-ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപത്തിന്റെ കരട്, ചട്ടം 235(1) (iii) പ്രകാരമുള്ള 'ന്യൂ എംപ്ലോയ്മെന്റ് ജനറേഷൻ/സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം,' 'ഐ.ടി.ഐ.കളുടെ നവീകരണം' എന്നീ വിഷയങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ കരട്, 'അന്യസംസ്ഥാന തൊഴിലാളിക്ഷേമ പദ്ധതി' എന്ന വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ കരട്, '2013 ഒക്ടോബർ മാസം നടത്തിയ അഖിലേന്ത്യാ പഠന പരിപാടി'യെ സംബന്ധിക്കുന്ന റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനായും യോഗം ചേർന്നു.

2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനായി 20-7-2015-നും 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങൾ പരിഗണിക്കുന്നതിനായി 20-8-2015-നും യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം വ്യവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 17-11-2015-ൽ യോഗം ചേർന്നു. 15-2-2015-ൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ചർച്ച ചെയ്ത 'വിവിധ വൈദ്യുത

പദ്ധതികൾ', എനർജി മാനേജ്മെന്റ് സെന്റർ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിന്റെ കരട്, 'തൊഴിൽ നൈപുണ്യ വികസന പദ്ധതി' സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചെയ്തു. 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായി 1-12-2015-നും സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ചട്ടം 235(1)(iii) പ്രകാരമുള്ള റിപ്പോർട്ടുകളുടെ കരട് എന്നിവ പരിഗണിക്കുന്നതിനായി 15-2-2016-നും സമിതി യോഗം ചേർന്നു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ നില 42% ആയിരുന്നു.

ഈ റിപ്പോർട്ട് അഞ്ച് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവയുടെ വിശദാംശങ്ങളും മൂന്നാം ഭാഗത്തിൽ ചട്ടം 235(1)(iii) അനുസരിച്ച് ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങളും അഞ്ചാം ഭാഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകൾ, സംക്ഷേപം എന്നിവയിലെ ശിപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ചേർത്തിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

## കരട് റിപ്പോർട്ട്

## ഭാഗം I

(എ) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്, 8-6-2015-ൽ സഭയിൽ സമർപ്പിച്ചു.

(ബി) സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ. -കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 235 (1) (iii) പ്രകാരമുള്ള റിപ്പോർട്ട്, 29-6-2015-ൽ സഭയിൽ സമർപ്പിച്ചു.

(സി) അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി സംബന്ധിച്ച കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(1) (iii) പ്രകാരമുള്ള റിപ്പോർട്ട് 29.6.2015-ൽ സഭയിൽ സമർപ്പിച്ചു.

(ഡി) പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് ' അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', ഐ.ടി.ഐ.കളുടെ നവീകരണം, 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം 29-6-2015-ൽ സഭയിൽ സമർപ്പിച്ചു.

(ഇ) 2013 ഒക്ടോബർ മാസം നടത്തിയ അഖിലേന്ത്യാ പഠന പര്യടന പരിപാടിയെ സംബന്ധിച്ച റിപ്പോർട്ട്, 29-6-2015-ൽ സഭയിൽ സമർപ്പിച്ചു

(എഫ്) 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 22-7-2015-ൽ സഭയിൽ സമർപ്പിച്ചു

(ജി) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 22-7-2015-ൽ സഭയിൽ സമർപ്പിച്ചു

(എച്ച്) 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 3-12-2015- ൽ സഭയിൽ സമർപ്പിച്ചു.

(ഐ) 'കേരളത്തിലെ വിവിധ ഊർജ്ജ പദ്ധതികളുടെയും', 'എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ' സംബന്ധിച്ച റിപ്പോർട്ട്, 18-2-2016-ൽ സഭയിൽ സമർപ്പിച്ചു.

(ജെ) വ്യാവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' സംബന്ധിച്ച റിപ്പോർട്ട്, 18-2-2016-ൽ സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

### (എ) ബില്ലുകളുടെ പരിശോധന

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ 1-12-2015-ന് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

### (ബി) കരട് ചട്ടങ്ങളുടെ പരിശോധന

2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങളുടെ കരട് 20-8-2015-ൽ ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

### (സി) എസ്.ആർ.ഒകളുടെ സാധൂകരണം

(1) 2015-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവനവ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ഭേദഗതി ചെയ്തുകൊണ്ടുള്ള 202/2015 നമ്പർ എസ്.ആർ.ഒ 20-7-2015-ൽ ചേർന്ന യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## ഭാഗം 3

### ചട്ടം 235(1)(iii)പ്രകാരമുള്ള ചർച്ച

(i) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം, വ്യാവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 17-11-2015-ൽ യോഗം ചേർന്നു.

## ഭാഗം 4

## 1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ.

(i) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 47-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 1.7.2015-ന് സഭയിൽ സമർപ്പിച്ചു.

(ii) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 79-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 1.12.2015-ന് സഭയിൽ സമർപ്പിച്ചു.

(iii) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 36, 37, 39 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 14.12.2015-ന് സഭയിൽ സമർപ്പിച്ചു.

(iv)വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 68, 69 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് 9.2.2016-ന് സഭയിൽ സമർപ്പിച്ചു.

**2. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.**

(i) 2013-14 സാമ്പത്തിക വർഷം XXXIX എന്ന ധനാഭ്യർത്ഥനയ്ക്കു കീഴിൽ ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഊർജ്ജ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2.12.2015-ന് സഭയിൽ സമർപ്പിച്ചു.

(ii) 2013-14 സാമ്പത്തിക വർഷം XXIV എന്ന ധനാഭ്യർത്ഥനയ്ക്കു കീഴിൽ തൊഴിൽ കോടതികൾ, വ്യാവസായിക ട്രിബ്യൂണലുകൾ, കിലെ എന്നീ സ്ഥാപനങ്ങൾക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തൊഴിലും നൈപുണ്യവും വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 2.12.2015-ന് സഭയിൽ സമർപ്പിച്ചു.

## <u>ഭാഗം 5</u>

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ താഴെപ്പറയുന്ന വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

### <u>(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)</u>

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ 9.7.2014-ലെ യോഗത്തിൽ പരിഗണിക്കവെ സമിതി നൽകിയ അധിക നിർദ്ദേശവും ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു. (പ്രസ്തുത ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. )

## സമിതിയുടെ അധിക നിർദ്ദേശം

2230-01-101-98-കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനായുള്ള ഉപദേശക കമ്മിറ്റി

സംസ്ഥാനത്തെ പരമ്പരാഗത മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലി, ബോണസ്, സേവനവേതന വ്യവസ്ഥകൾ തുടങ്ങിയവ തീരുമാനിക്കുന്ന ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന വ്യവസായബന്ധ സമിതികളിലെ അംഗങ്ങളുടെയും മിനിമം വേജസ് കമ്മിറ്റി അംഗങ്ങളുടെയും യാത്രാച്ചെലവുകൾക്കും ഓഫീസ് ചെലവുകൾക്കും വേണ്ടി വകയിരുത്തിയിരിക്കുന്ന തുക മിനിമം വേജസ് കമ്മിറ്റിയുടെ സബ് കമ്മിറ്റികളുടെ പ്രവർത്തനത്തിന് പര്യാപ്തമാണോയെന്ന് സമിതി ആരായുകയും സബ് കമ്മിറ്റികൾക്ക് പലപ്പോഴും യോഗം ചേരാൻ സാധിക്കുന്നില്ലെന്ന് വകുപ്പ് അഭിപ്രായപ്പെടാറുണ്ടെന്ന തിനാൽ പ്രസ്തുത വിഷയം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(ഖണ്ഡിക 3)

## അധിക നിർദ്ദേശത്തിനുള്ള മറുപടി

2013-14 സാമ്പത്തിക വർഷത്തിൽ 2230-01-101-98-04-1 Tour TA എന്ന ശീർഷകത്തിൽ 6,72,000/- രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ 6, 68, 000/- വിനിയോഗിക്കുകയും 4000/- രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ മിനിമം വേതന ഉപദേശക സമിതിയ്ക്ക് കീഴിൽ സബ് കമ്മിറ്റികളൊന്നും തന്നെ രൂപീകരിച്ചിട്ടില്ലാത്തതിനാലാണ് ഈയിനത്തിൽ അധിക തുകയൊന്നും ആവശ്യമായി വരാത്തത്. എന്നാൽ സംസ്ഥാനത്തെ 19 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനോ/ നിശ്ചയിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സർക്കാരിന്റെ 8.10.2014-ലെ സ.ഉ (എം.എസ്) നം. 119/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മിനിമം വേതന ഉപദേശക സമിതിയ്ക്ക് കീഴിൽ അഞ്ച് സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത് 2014-15 സാമ്പത്തിക വർഷത്തിലാണ്. പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ 2230-01-101-98-04-1 Tour TA എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 12,00,000/- രൂപ മതിയാകുന്നതുമാണ്.

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ 9.7.2014-ലെ യോഗത്തിൽ പരിഗണിക്കുകയും സമിതി നൽകിയ അധിക നിർദ്ദേശവും അധിക നിർദ്ദേശത്തിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു. (പ്രസ്തുത ശിപാർശയും, സർക്കാർ സ്വീകരിച്ച നടപടിയും 2015 മാർച്ച് 31 വരെയുള്ള പരീരിയോഡിക്കൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## സമിതിയുടെ അധിക നിർദ്ദേശം

2230-01-101-96-വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

05-(4) -മറ്റിനങ്ങൾ

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണലിന് 2230-01-101-96 എന്ന ശീർഷകത്തിൽ ഫോട്ടോകോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് 1,61,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും, 61,000 കോടി രൂപ അധികമായി അനുവദിക്കുകയും ചെയ്തിട്ടും ക്വട്ടേഷനിൽ വന്ന പിശകുകൾ കാരണം തുക വാങ്ങാൻ കഴിഞ്ഞില്ലെന്ന മറുപടിയുടെ കാരണം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു.

(ഖണ്ഡിക 5)

## അധിക നിർദ്ദേശത്തിനുള്ള മറുപടി

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണലിന്റെ 27.12.2013 -ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ട്രിബ്യൂണലിന് ഫോട്ടോ കോപ്പി മെഷീനും ഫർണിച്ചറും വാങ്ങുന്നതിന് 30.01.2014 - ലെ സ.ഉ.(സാധാ) നം.168/2014/തൊഴിൽ പ്രകാരം ഭരണാനുമതിയും, സ.ഉ(സാധാ) നം.2344/2014/ഫിൻ തീയതി 21.03.2014 പ്രകാരം 61,000 രൂപയുടെ അധികഫണ്ട്, ടി തുക ധനപുനർ വിനിയോഗം വഴി അനുവദിക്കണമെന്ന നിർദ്ദേശത്തോടെ അനുവദിച്ചിരുന്നു. ടി തുക ധനപുനർവിനിയോഗം വഴി കണ്ടെത്തിയാൽ മാത്രമേ ഉപയോഗിക്കാൻ കഴിയൂവെന്ന് തെറ്റായി വ്യാഖ്യാനിച്ചതു കാരണം തുക വിനിയോഗിക്കാൻ

കഴിഞ്ഞിരുന്നില്ല. മാത്രമല്ല ടി തുകയുടെ ഫലപ്രദമായ വിനിയോഗം സാധ്യമാക്കുന്നതിലേക്കായി ലഭ്യമായിരുന്ന ക്വട്ടേഷനുകൾ പുനർസമർപ്പിക്കാനുള്ള നിർദ്ദേശം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. ലഭ്യമായ സമയം അപര്യാപ്തമായിരുന്നതിനാൽ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനുമുമ്പ് ടി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ലയെന്നതും ടി തുക ഉപയോഗിക്കുന്നതിനും അതുമൂലം ശിപാർശ നടപ്പിലാക്കുന്നതിനും കഴിയാതെ വന്നതിനു കാരണമായി എന്നും ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ അറിയിച്ചിട്ടുണ്ട്.

മേൽ സംഭവിച്ചത് മന:പൂർവ്വമല്ലാതെ സംഭവിച്ചതാണെന്നും ഇനിയും ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഉറപ്പ് നൽകിയിട്ടുണ്ട്.

## ശിപാർശ

2011-12 ൽ എം.എൽ.എ ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം അനുവദിച്ചിരുന്നില്ല. ഈ തുക 2012-13 ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13 ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. 2013-14 ലെ വിഹിതമായ 141 കോടി രൂപയ്ക്ക് പുറമേ 3525 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## സർക്കാർ സ്വീകരിച്ച നടപടി

2011-12-ൽ എം.എൽ.എ ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചതു കാരണം 2012-13-ലെ വിഹിതമായ 141 കോടിയിൽ ഉണ്ടായ 35.25 കോടിയുടെ കുറവ് 2013-14-ലെ വിഹിതമായ 141 കോടി രൂപയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

## 2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)

പ്രസ്തുത റിപ്പോർട്ടിലെ 30,38,41,43,45,46,49,50,63,64,65,66,67,70,71, 72,73, 74,75,88 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് 2014-2015 വർഷത്തെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് സമിതിയുടെ 21.10.2014- ലെ യോഗത്തിൽ പരിഗണിക്കുകയും സമിതി നൽകിയ അധിക നിർദ്ദേശവും ആയതിനുള്ള മറുപടിയും ചുവടെ ചേർക്കുന്നു. (പ്രസ്തുത ശിപാർശയും, സർക്കാർ സ്വീകരിച്ച നടപടിയും 2014-15 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

### സമിതിയുടെ അധിക നിർദ്ദേശം

ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും സർക്കാരിലേയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിഷയം വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പരിഗണിച്ച് ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി വാങ്ങണമെന്നും വകുപ്പിന്റെ ഭാഗത്തു നിന്നുള്ള ജോലികൾ യഥാസമയം പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി യഥാക്രമം 5,10,41,052/- രൂപ (അഞ്ച് കോടി പത്ത് ലക്ഷത്തി നാൽപ്പത്തി ഒന്നായിരത്തി അൻപത്തി രണ്ട് രൂപ മാത്രം); 11,30,66,807/- രൂപ (പതിനൊന്ന് കോടി മുപ്പതുലക്ഷത്തി അറുപത്താറായിരത്തി എണ്ണൂറ്റി ഏഴ് രൂപ മാത്രം) എന്നീ തുകകൾ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വർഷങ്ങൾ ഒഴികെ 2004-2005

മുതൽ 2013-2014 വരെ വർഷങ്ങളിൽ മെഡിക്കൽ റീഇംപേഴ്സ്മെന്റിനത്തിൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക 56,13,25,359 (അമ്പത്തി ആറ് കോടി പതിമൂന്ന് ലക്ഷത്തി ഇരുപത്തിയഞ്ചാ-യിരത്തി മുന്നൂറ്റി അൻപത്തൊൻപത് രൂപ മാത്രം) സംബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സമാഹൃത സ്റ്റേറ്റ്മെന്റ് ഇ.എസ്.ഐ കോർപ്പറേഷൻ തൃശ്ശൂർ റീജിയണൽ ഡയറക്ടർക്കും, ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിനും അയച്ചുകൊടുത്ത് മെഡിക്കൽ റീഇംപേഴ്സ്മെന്റിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടതായ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും എത്രയും വേഗം ടി തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## <u>ശിപാർശ</u>

2230-01-101-96 - <u>വ്യവസായിക ട്രിബ്യൂണൽ, ആലപ്പുഴ</u>

05-4 ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ

ആലപ്പുഴ വ്യവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും വാങ്ങുന്നതിന് 2.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ പരിമിതി മൂലം അധിക തുക അനുവദിച്ചിരുന്നില്ല.

## <u>ശിപാർശ</u>

2230-01-101-95- <u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

06 - <u>വാടക, കരം, നികുതി</u>

വ്യാവസായിക ട്രിബ്യൂണലിന്റെ വാടക,കരം,നികുതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1.71 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

1,94,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ടി തുക കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്.

## ശിപാർശ

2230-01-101-94 - വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

04-1 - യാത്രാച്ചെലവുകൾ- യാത്രാബത്ത

ട്രിബ്യൂണലിന് കൊല്ലം,തിരുവനന്തപുരം ജില്ലകളിൽ സിറ്റിംഗ് നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ബണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തിക പരാധീനത മൂലം മറ്റ് ശീർഷകങ്ങളിൽ നിന്നും ധനപുനർവിനിയോഗം വഴി 32,000 രൂപ അധികമായി അനുവദിച്ചിരുന്നു.

## ശിപാർശ

21(2) - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 77,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ബണ്ഡിക 8)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം ശിപാർശ ചെയ്ത തുക അനുവദിയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ധനപുനർ വിനിയോഗം വഴി 7,000/- രൂപ അനുവദിച്ചിരുന്നു.

## ശിപാർശ

99- വിവരസാങ്കേതിക വിദ്യ

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്,കമ്പ്യൂട്ടർ,പ്രിന്റർ,ഫാക്സ് മെഷീൻ,മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി

2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നും ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻ വഴിയോ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം തുക അനുവദിച്ചിരുന്നില്ല.

## ശിപാർശ

2230-01-101-93 - തൊഴിൽ കോടതി, കൊല്ലം

21 - 1- മോട്ടോർ വാഹനങ്ങൾ

05 -4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

കൊല്ലം തൊഴിൽ കോടതിയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിലേയ്ക്കായി 21-1 എന്നയിനത്തിൽ 8.25 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കായി 05-4 എന്നയിനത്തിൽ 86,500 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

## ശിപാർശ

2230-01-101-92 - തൊഴിൽ കോടതി, കോഴിക്കോട്

കോഴിക്കോട് തൊഴിൽ കോടതിയ്ക്ക് പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ അധികാരപരിധിയുള്ളതിനാൽ ഒരു ഔദ്യോഗിക വാഹനം അത്യാവശ്യമാണ്. ആയതിലേക്കായി 21-1 എന്ന ഇനത്തിൽ 8.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സർക്കാർ സ്വീകരിച്ച നടപടി ഖണ്ഡിക 10&11

വിഭവ പരിമിതി മൂലം തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

## ശിപാർശ

05-4 - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിലേയ്ക്കും, ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്കുമായി ഈ ഇനത്തിൽ നിലവിലുള്ള തുകയ്ക്കു പുറമെ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

## സർക്കാർ സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 15,000/- രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും 6000/- രൂപ ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്.

## ശിപാർശ

01-4- ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ നിലവിലുള്ള തുകയ്ക്കു പുറമെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം തുക അധിക തുക അനുവദിക്കാൻ സാധിച്ചില്ല

## ശിപാർശ

06- വാടക, കരം, നികുതി

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ ചെയ്തിരുന്ന തുക അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

2230-01-101-91 - തൊഴിൽ കോടതി, എറണാകുളം

05-3 - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

എറണാകുളം തൊഴിൽ കോടതിയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സർക്കാർ സ്വീകരിച്ച നടപടി**

ശിപാർശ ചെയ്തതിൽ 10,000/-രൂപ അനുവദിച്ചിരുന്നു.

**ശിപാർശ**

21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എറണാകുളം തൊഴിൽ കോടതിയ്ക്ക് വാഹനത്തിന്റെ ഇൻഷ്വറൻസിനും മറ്റ് ചെലവിനങ്ങൾക്കുമായി നിലവിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 25,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**ശിപാർശ**

99 - വിവര സാങ്കേതികവിദ്യ

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ചാർജ്ജിലേക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സർക്കാർ സ്വീകരിച്ച നടപടി ഖണ്ഡിക 16&17**

വിഭവ പരിമിതി മൂലം തുക അനുവദിച്ചിരുന്നില്ല

## ശിപാർശ

2230-01-101-86 - വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

04-1 - യാത്രാച്ചെലവുകൾ - യാത്രാബത്ത

2014-15 സാമ്പത്തിക വർഷം ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## സർക്കാർ സ്വീകരിച്ച നടപടി

50,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

04-2- യാത്രാച്ചെലവുകൾ - സ്ഥലംമാറ്റബത്ത

2014-15 വർഷം ഈയിനത്തിൽ 5,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സർക്കാർ സ്വീകരിച്ച നടപടി

ശിപാർശ ചെയ്തിരുന്ന തുക അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

05-2 - ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതി മൂലം അധിക തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

05-3 - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

**ശിപാർശ**

05-4 - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സർക്കാർ സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

21-1 - മോട്ടോർ വാഹനങ്ങൾ

21-2 - മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ പുതിയ വാഹനം വാങ്ങുന്നതിന് 12 ലക്ഷം രൂപയും വാഹനം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 40,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സർക്കാർ സ്വീകരിച്ച നടപടി**

വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 10,000 രൂപ അധികമായി അനുവദിച്ചിരുന്നു.

**ശിപാർശ**

97 - വാഹനങ്ങളുടെ വാടക

നിലവിൽ വ്യാവസായിക ട്രിബ്യൂണലിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഉപയോഗയോഗ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച് വരുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 4.19 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**ശിപാർശ**

99 - വിവരസാങ്കേതിക വിദ്യ

പുതിയ കമ്പ്യൂട്ടർ, പ്രിന്റർ,ഫോട്ടോകോപ്പി മെഷീൻ,സ്കാനർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 1.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സർക്കാർ സ്വീകരിച്ച നടപടി** (ഖണ്ഡിക 24, 25)

വിഭവ പരിമിതി മൂലം തുക അനുവദിച്ചിരുന്നില്ല.

**ശിപാർശ**

2230-01-102-95- ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

-04(1)- യാത്രാച്ചെലവുകൾ- യാത്രാബത്ത

വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി വകുപ്പ് നടത്തിവരുന്ന സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിലെയും സേഫ്റ്റി സെല്ലിലെയും ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എയർ മോണിറ്ററിംഗ് സ്റ്റഡി, പ്രയോറിറ്റി സ്റ്റഡി എന്നിവ കാര്യക്ഷമമായി നടത്തുന്നതിന് നിലവിൽ

യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 23,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 28)**

## സർക്കാർ സ്വീകരിച്ച നടപടി

23,000/- രൂപ അധികതുകയായി യാത്രാബത്ത ഇനത്തിൽ അനുവദിക്കുന്നതിനായി അനുയോജ്യമായ ധനപുനർവിനിയോഗ ശിപാർശ, ബജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് സമർപ്പിക്കണമെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും 2014-15 സാമ്പത്തിക വർഷത്തിൽ ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2230-01-103-88- കേരള ആർട്ടിസൻസ് & സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 33)**

## സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യവകുപ്പ് അനുമതി നൽകിയ പ്രകാരം കേരള കൈത്തൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയ്ക്ക് 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 23,00,000/- രൂപ മാത്രം റിലീസ് ചെയ്യുന്നതിന് അനുവദിച്ചു.

**അധിക നിർദ്ദേശം**

2230-01-103-86- കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും

2013-14-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനും 2300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 11.2.2015-ലെ യോഗത്തിൽ പരിഗണിക്കവെ പ്രസ്തുത ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്ന അധിക തുക അനുവദിക്കണമെന്ന് വീണ്ടും ശിപാർശ ചെയ്തു.

**(ഖണ്ഡിക 34)**

**സർക്കാർ സ്വീകരിച്ച നടപടി**

ഇതിന്മേൽ അധിക തുക ഇപ്പോൾ അനുവദിക്കാനാവില്ലെന്ന നേരത്തെയുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിലേക്ക് ശ്രദ്ധ ക്ഷണിച്ച് ടി വകുപ്പ് ഫയൽ തൊഴിലും നൈപുണ്യവും വകുപ്പിന് മടക്കി നൽകിയിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

**ശിപാർശ**

2230-01-103-79- കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2014-15 സാമ്പത്തിക വർഷം വരെ 4.01 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുള്ളതിനാൽ 2014-15 വർഷം വകയിരുത്തിയിട്ടുള്ള 22 ലക്ഷം രൂപയ്ക്കുപുറമേ 379 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 35)**

**സർക്കാർ സ്വീകരിച്ച നടപടി**

ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 22,00,000/- രൂപ മാത്രം റിലീസ് ചെയ്യുന്നതിന് അനുവദിച്ച

**ശിപാർശ**

2230-01-103-78- 1-4-1977 ന് 60 വയസ്സ് തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

60 വയസ്സ് തികഞ്ഞ ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 307 തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുന്നതിനും 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 36)**

**സർക്കാർ സ്വീകരിച്ച നടപടി**

60 വയസ്സ് തികഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി 26-03-2015-ലെ സ.ഉ. (സാധാ) നം. 421/2015/തൊഴിൽ പ്രകാരം 11,05,000/- രൂപയും (പതിനൊന്നു ലക്ഷത്തി അയ്യായിരം രൂപ മാത്രം) 10-07-2015-ലെ സ.ഉ.(സാധാ) നം.942/2015/തൊഴിൽ ഉത്തരവു പ്രകാരം 7,36,800/- രൂപയും (ഏഴു ലക്ഷത്തി മുപ്പത്തി ആറായിരത്തി എണ്ണൂറ് രൂപ മാത്രം ) അനുവദിച്ചിരുന്നു. ഇതനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ചുരുട്ട് തൊഴിലാളികൾക്ക് നൽകുവാനുള്ള ക്ഷേമ പെൻഷൻ കുടിശ്ശിക മുഴുവൻ നൽകി കഴിഞ്ഞു.

**ശിപാർശ**

2230-01-103-73- കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി- അംശദാനം

2014-15 സാമ്പത്തിക വർഷത്തിൽ ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 289.968 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 37)**

## സർക്കാർ സ്വീകരിച്ച നടപടി

ബീഡി -സിഗാർ തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി 26-03-2015 ലെ സ.ഉ (സാധാ) നം.421/2015/തൊഴിൽ പ്രകാരം 1,29,56,000/- രൂപയും (ഒരു കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) 10-07-2015 ലെ സ.ഉ.(സാധാ) നം.942/2015/തൊഴിൽ ഉത്തരവു പ്രകാരം 86,37,600/- രൂപയും (എൺപത്തി ആറ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അറുന്നൂറ് രൂപ മാത്രം ) അനുവദിച്ചിരുന്നു. ഇതനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ബീഡി-സിഗാർ തൊഴിലാളികൾക്ക് നൽകുവാനുള്ള ക്ഷേമ പെൻഷൻ കുടിശ്ശിക മുഴുവൻ നൽകി കഴിഞ്ഞു.

## ശിപാർശ

2230-01-103-71- കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്- അംശദാനം

2013-14 ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 488.03 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 39)**

## സർക്കാർ സ്വീകരിച്ച നടപടി

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി 26-03-2015 ലെ സ.ഉ(സാധാ) നം.421/2015/തൊഴിൽ പ്രകാരം 2,67,23,000/- രൂപയും (രണ്ടുകോടി അറുപത്തി ഏഴ് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) 10-07-2015 ലെ സ.ഉ.(സാധാ) നം.942/2015/തൊഴിൽ ഉത്തരവു പ്രകാരം 1,78,15,200/- രൂപയും (ഒരുകോടി എഴുപത്തി എട്ട് ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ചിരുന്നു. ഇതനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് നൽകുവാനുള്ള ക്ഷേമ പെൻഷൻ കുടിശ്ശിക മുഴുവൻ നൽകി കഴിഞ്ഞു

## ശിപാർശ

2230-01-103-51- സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

2008-09 മുതൽ സംസ്ഥാനത്തെ എഴുത്തച്ഛൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് പത്തുകൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്നവർക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ലേബർ കമ്മീഷണറെയാണ് നോഡൽ ഏജന്റായി ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിലും ജില്ലകളിൽ അപേക്ഷ വിളിച്ച് അന്വേഷണം നടത്തി ജില്ലാ ലേബർ ഓഫീസ് മണിയോർഡറായി തുക അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. 2013-14 ൽ പദ്ധതി നോൺ പ്ലാൻ ശീർഷകത്തിലേക്ക് മാറ്റുകയും ടോക്കൺ പ്രൊവിഷനായി 1,000/- രൂപ വകകൊള്ളിക്കുകയും ചെയ്തിരുന്നു. 6750-ഓളം പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിയിൽ 2013-14 പെൻഷൻ കുടിശ്ശികയും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിൽ പെൻഷനും നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക 516.62 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 44)**

## സർക്കാർ സ്വീകരിച്ച നടപടി

സാമൂഹ്യ സുരക്ഷയ്ക്കുള്ള സുപ്രധാന പരിപാടിയായ കേരള അസംഘടിത റിട്ടയേർഡ് തൊഴിലാളി പെൻഷൻ പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷം രണ്ട് ഗഡുക്കളായി 6,66,00,000/- രൂപ (3,16,00,000+3,50,00,000) അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2230-03-800-94- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം

കിലയെ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി തൊഴിൽ ഭവനിൽ കില-ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ആഫീസായി ഉപയോഗിക്കുന്നതിനും പുറത്ത് അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടി ഒരു സംവിധാനം സംഘടിപ്പിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനും, ആദ്യനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, 'കില ' -യുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, ആധുനികവൽക്കരണത്തിനും, ഇ-ഗവേർണൻസിനും, പുതിയ മേഖലകളിൽ ഗവേഷണം, കാലോചിതമായ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ 10151 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 68)**

## സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ കിലെയ്ക്ക് പദ്ധതി ഇനത്തിൽ 175 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ ടി ഇനത്തിൽ അധിക വിഹിതം ആവശ്യമില്ലാത്തതിനാൽ അധിക തുക വകയിരുത്തേണ്ട സാഹചര്യം ഇല്ല.

## ശിപാർശ

2230-03-800-94- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-സഹായധനം

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.05 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 69)**

**സർക്കാർ സ്വീകരിച്ച നടപടി**

2015-16 സാമ്പത്തിക വർഷം 2230-03-800-94(NP)-ൽ വകയിരുത്തിയിട്ടുള്ള 19.96 ലക്ഷം രൂപയിൽ മറ്റ് ചെലവുകൾ പരിമിതപ്പെടുത്തി നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചശേഷം അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഊർജ്ജ വകുപ്പ്**

**ശിപാർശ**

2810-00-800-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാച്ചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതിനാൽ 338.84 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 79)**

**സർക്കാർ സ്വീകരിച്ച നടപടി**

അനെർട്ടിന്റെ പദ്ധതിയേതര ആവശ്യങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 246.56 ലക്ഷം രൂപ ബഡ്ജറ്റിൽ അനെർട്ടിനു വകയിരുത്തിയിട്ടുണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ അനെർട്ടിന്റെ ഭരണപരമായ ചെലവുകൾക്കായി 232.26 ലക്ഷം രൂപ അധികം അനുവദിക്കുന്നതിനായി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് പ്രൊപ്പോസൽ നൽകിയെങ്കിലും ആയത് ധനകാര്യവകുപ്പിൽ നിന്ന് ലഭിക്കുകയുണ്ടായില്ല.

**അധിക നിർദ്ദേശം**

2810-00-800-93-എനർജി മാനേജ്മെന്റ് ധനസഹായം എന്ന ശീർഷകത്തിൻകീഴിൽ, സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സി.എഫ്.എൽ-ന്റെ സുരക്ഷിത നിർമ്മാർജ്ജനം, കേരള സംസ്ഥാന ഊർജ്ജ സംരക്ഷണനിധി, സ്മോൾ ഹൈഡ്രോ പവർ ഡെവലപ്മെന്റ് എന്നിവയ്ക്ക് അധിക തുക അനുവദിക്കണമെന്ന ശിപാർശയും (ഖണ്ഡിക 80 മുതൽ 84 വരെ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തന ചെലവുകൾക്ക് അധിക തുക അനുവദിക്കണമെന്ന ശിപാർശയും നൈപുണ്യ വികസന തൊഴിലധിഷ്ഠിത ഊർജ്ജ കാര്യക്ഷമ പരിപാടികൾ, എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കൽ, എന്നീ പുതിയ പദ്ധതികൾക്കു (ഖണ്ഡിക 85, 86) തുക വകയിരുത്തണമെന്ന ശിപാർശയിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 11.2.2015-ലെ യോഗത്തിൽ പരിഗണിക്കവെ പ്രസ്തുത ഖണ്ഡികകളിൽ ശിപാർശ ചെയ്ത തുക അനുവദിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്തു.

**സർക്കാർ സ്വീകരിച്ച നടപടി** (ഖണ്ഡിക 80 മുതൽ 87 വരെ)

വിഷയ നിർണ്ണയ സമിതിയുടെ ശിപാർശ പരിഗണിച്ച് 2014-15 സാമ്പത്തിക വർഷം എനർജി മാനേജ്മെന്റ് സെന്ററിന് പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 ൽ പദ്ധതി ഇനത്തിൽ വകയിരുത്തിയ 718 ലക്ഷം രൂപയിൽ 460 ലക്ഷം രൂപ മാത്രമാണ് സെന്റർ ചെലവഴിച്ചതായി കാണുന്നത്. കൂടാതെ 2014-15 സാമ്പത്തിക വർഷം പൂർത്തീകരിച്ചതിനാൽ ഇനി അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല എന്ന വിവരം കൂടി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015-2016

43, 44, 45, 47, 48, 56, 77, 78, 79, 80, 81, 82, 83, 84, 85, 86, 87, 88, 89 എന്നീ ഖണ്ഡികകളിലെ ശിപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 2015-2016 വർഷത്തെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

**4. സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ എന്നീ വിഷയങ്ങളിന്മേൽ നടത്തിയ ചർച്ചയെ അടിസ്ഥാനമാക്കി ചട്ടം 235(1) (iii) പ്രകാരമുള്ള റിപ്പോർട്ട്.**

**ശിപാർശ**

റീട്ടെയിൽ ആന്റ് ടൂറിസം, ഹെൽത്ത് കെയർ ആന്റ് ഹോസ്പിറ്റാലിറ്റി, ഐ.ടി.ആന്റ് ഐ.ടി എനേബിൾഡ് സർവ്വീസസ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സെക്ടേഴ്സ് എന്നീ മേഖലകളിൽ സ്കിൽ ഡവലപ്പ്മെന്റ് സെന്റർ KASE വഴി കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 6)

**സർക്കാർ സ്വീകരിച്ച നടപടി**

റീട്ടെയിൽ & ടൂറിസം, ഹോസ്പിറ്റാലിറ്റി, ഐ.ടി.ആന്റ് ഐ.ടി എനേബിൾഡ് സർവ്വീസസ് എന്നീ മേഖലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. ഹെൽത്ത് കെയർ മേഖലയിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ തിരുവനന്തപുരം കിൻഫ്രയിൽ ആരംഭിച്ചുകഴിഞ്ഞു. ബാങ്കിംഗ് ആന്റ് ഫിനാൻസ് മേഖലയിൽ കൊച്ചിയിലെ ഒരു പ്രമുഖ സ്ഥാപനത്തിന് accreditation നൽകി, കോഴ്സ് ആരംഭിച്ചു.

**ശിപാർശ**

ഇപ്പോൾ ഐ.ടി.ഐ.കളിലുള്ള ഗ്രാഫിക്സ് സബ്ജക്ടുകളെല്ലാം തന്നെ കുട്ടികൾക്ക് മനസ്സിലാക്കാൻ വളരെ പ്രയാസമായതിനാൽ കെൽട്രോൺ മുഖാന്തിരം ഒരു 3 'ഡി' ഇന്ററാക്ടീവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു പുതിയ ആശയമാണ് സ്മാർട്ട്-ടെക്-3D-ഇന്ററാക്ടീവ് ലേണിംഗ്. ഇതിൽ ഗ്രാഫിക്സ്, ഓട്ടോമാറ്റിക് മെക്കാനിക്സ് എന്നിവ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങൾക്ക് കെൽട്രോൺ മുഖാന്തിരം ഒരു 3D ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് ഉപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു പുതിയ ആശയമായ 3D ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് നടപ്പിലാക്കി. ഈ പദ്ധതി എഞ്ചിനീയറിംഗ് ഡ്രോയിംഗ്, ഓട്ടോമൊബൈൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ നടപ്പിലാക്കി.

2011-2013 വർഷത്തെ സംസ്ഥാന ഈ-ഗവേർണൻസ് അവാർഡിൽ ഇ-ലേണിംഗ് വിഭാഗത്തിൽ വകുപ്പിന് വിർച്വൽ ക്ലാസ് റൂം പദ്ധതിയും 3D ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് വഴിയുള്ള പരിശീലനവും ആവിഷ്കരിച്ച് നടപ്പാക്കിയതിന് മൂന്നാം സ്ഥാനം ലഭിച്ചു.

## ശിപാർശ

കേരളത്തിലെ അൺഅഫിലിയേറ്റഡായ 240 പ്രൈവറ്റ് ഐ.ടി.ഐ. കളെയും അഫിലിയേറ്റഡ് ആക്കാനും ട്രെയിൻഡ് അല്ലാത്ത ഇൻസ്ട്രക്ടേഴ്സിനെ ബാച്ചുകളായി പല ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പരിശീലനത്തിന് അയയ്ക്കാനും, മൂന്ന് ജില്ലകളിൽ ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം Additional Skill and Enhancement Programme (ASEP) എന്ന പേരിൽ ഒരു സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം നടത്താനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

## സർക്കാർ സ്വീകരിച്ച നടപടി

സ്വകാര്യ ഐ.ടി.ഐ. കളിലെ ഇൻസ്ട്രക്ടർമാരുടെ പരിശീലനവും അഫിലിയേഷനും സംബന്ധിച്ച സാമ്പത്തികവും ഭരണപരവുമായ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും അതാത് സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പൽമാരിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന സി.റ്റി.ഐ. ട്രെയിനിംഗ് കലണ്ടർ പരിശോധിച്ച് നടപടി സ്വീകരിക്കാൻ പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പൽമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (ASEP) പ്രകാരം 2012-2013 സാമ്പത്തിക വർഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക" എന്ന ഈ വാർഷിക പദ്ധതി പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരുടെ സ്കിൽ ഗ്യാപ്പ് കണ്ടുപിടിച്ച് അവർക്കനുഭാവമുള്ള സ്കില്ലുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയോ മറ്റ് പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ചോ പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം ലഭിച്ച് തൊഴിലിനു പ്രാപ്തരായ ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യമേഖലയിലെ തൊഴിൽദാതാക്കളുമായി നേരിട്ട് സഹകരിച്ചുകൊണ്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽസ് പലവിധ അസ്സെസ്മെന്റ് ടെസ്റ്റുകളിലൂടെയും സൈക്കോമെട്രിക് ടെസ്റ്റുകളിലൂടെയും കണ്ടെത്തി സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റിനാവശ്യമായ പരിശീലനം എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നേരിട്ട് നൽകുന്നു. High-end Training ആവശ്യമായ പക്ഷം മറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലേയ്ക്ക് അയച്ച് ആവശ്യമായ പരിശീലനം ലഭിക്കുവാൻ സഹായിക്കുന്നു.

വിവിധ ഐ.ടി.ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പക്ഷം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്ത് സേവനം ലഭ്യമാക്കാവുന്നതാണ്.

നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2015-2016 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ

ഓരോ ഐ.ടി.ഐ.യെയും ഓരോ കമ്പനിയെക്കൊണ്ട് സ്പോൺസർ ചെയ്യിച്ച് അവർ തന്നെ ട്രെയിനിംഗും പ്ലേസ്മെന്റും കൊടുക്കാനുള്ള രീതിയിലാണ് മുന്നോട്ട് പോകേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 19)

## സർക്കാർ സ്വീകരിച്ച നടപടി

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് ആധുനിക മെഷീനറികൾ ഉപയോഗിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യ സ്വായത്തമാക്കി വിശാലമായ തൊഴിൽ മേഖല കണ്ടെത്തുന്നതിനായി വിവിധ വ്യവസായ പ്രമുഖരുമായി കരാറിലേർപ്പെട്ടു

ഇതിനായി ഐ.ടി.ഐ.കൾ വഴിയുള്ള പരിശീലനത്തിന് പുറമെ പ്രത്യേക പരിശീലനത്തിന് വ്യവസായ പ്രമുഖരുമായി ചേർന്ന് നിലവിലുള്ള വർക്ക്ഷോപ്പുകൾ നവീകരിക്കുകയും, പരിശീലനത്തിനാവശ്യമായ മെഷീനറികൾ സൗജന്യമായി സ്ഥാപിക്കുകയും, അദ്ധ്യാപകർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മെ. വോക്സ് വാഗൺ, മെ.ടൊയോട്ടാ കിർലോസ്കർ ലിമിറ്റഡ്, മെ.മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ്, മെ. മാരുതി സുസുക്കി ഇൻഡ്യ ലിമിറ്റഡ്, മെ. സാംസങ്ങ് ഇൻഡ്യ ലിമിറ്റഡ് എന്നീ പ്രമുഖ കമ്പനികളുമായി ചേർന്ന് സർക്കാർ ഐ.ടി.ഐ.കളിൽ പ്രത്യേക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## 5. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം.

## ശിപാർശ

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് (ഹെഡ് ഓഫ് അക്കൗണ്ട് 2801-80-101-99-33) പരിഗണിക്കവേ 120 യൂണിറ്റ് വരെ വൈദ്യുതി

ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ സർചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനായി ഉപധനാഭ്യർത്ഥനയിലൂടെ സംസ്ഥാന വൈദ്യുതി ബോർഡിന് 54.6 കോടി രൂപ അനുവദിച്ചുവെന്നും ബാക്കി തുക ഇനിയും ലഭിക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു. ബാക്കി ലഭിക്കാനുള്ള തുകയുടെ വിശദാംശം നൽകണമെന്നും ടി തുക കൂടി ലഭ്യമാക്കണമെന്നും ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യു.

(ഖണ്ഡിക 2)

## സർക്കാർ സ്വീകരിച്ച നടപടി

2011-2012 സാമ്പത്തിക വർഷത്തിൽ 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനായി അനുവദിച്ച 54.60 കോടി രൂപ 26-03-2012-ൽ ബോർഡിനു ലഭ്യമാക്കി. 2012 ഒക്ടോബർ 1 മുതൽ2012 ഡിസംബർ 31 വരെ ഏർപ്പെടുത്തിയിരുന്ന ഇന്ധന സർചാർജ്ജിൽ നിന്ന് പ്രതിമാസം 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കിയതിന്റെ പേരിൽ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടായ വരുമാനകമ്മി പരിഹരിക്കുന്നതിനായി ബോർഡിന് 25 കോടി രൂപ കാഷ് സബ്സിഡിയായി അനുവദിച്ചു നൽകുന്നതിന് 21-03-2013-ലെ ജി.ഒ.(ആർ.ടി) നമ്പർ 87/2013/ഊ.വ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക പരിമിതി മൂലം ടി തുക യഥാസമയം ബോർഡിന് ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല.

കണക്കാക്കപ്പെട്ട 25 കോടി രൂപയുടെ സ്ഥാനത്ത് സബ്സിഡി അനുവദിക്കുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായി വന്ന തുക 26.46 കോടി രൂപയാണെന്ന് കെ.എസ്.ഇ.ബി. ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മുൻ സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന സർക്കാർ കമ്പനിയാക്കി മാറ്റിയ 31.10.2013 വരെയുള്ള സർക്കാരും, ബോർഡും തമ്മിലുള്ള ബാധ്യതകൾ തട്ടിക്കിഴിക്കുന്നതുമായി

ബന്ധപ്പെട്ട് ടി തുക ക്രമീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതുമാണ്. സർചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ. ബിക്ക് മറ്റു തുകയൊന്നും നൽകാൻ ബാക്കിയില്ല.

## ശിപാർശ

കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ടി കമ്പനിയിലെ സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തിനായി 5 ലക്ഷം രൂപ നിക്ഷേപിക്കുന്നതിന് അനുമതി ലഭിക്കുകയും ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച പ്രസ്തുത തുക 30.03.2012-ൽ ബോർഡിൽ ലഭിക്കുകയും ചെയ്തതായി പ്രവർത്തന റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കി.

(ഖണ്ഡിക 3)

## സർക്കാർ സ്വീകരിച്ച നടപടി

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ഓഹരി പങ്കാളിത്തത്തിനായി അനുവദിച്ച 5 ലക്ഷം രൂപ 30-3-2012-ന ബോർഡിനു നൽകി.

## 6. തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ, വിവിധ ഊർജ്ജാവശ്യങ്ങൾക്കായി സ്ഥാപിതമായ ഊർജ്ജ പദ്ധതികൾ എന്നിവയുടെ പഠനം സംബന്ധിച്ച് കർണ്ണാടക, മഹാരാഷ്ട്ര, ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട്

## ശിപാർശ

വിദേശത്തും വിനോദസഞ്ചാര മേഖലകളിലും തൊഴിൽ കിട്ടുവാൻ തൊഴിലാളികളുടെ മക്കൾക്ക് കൂടുതൽ പരിശീലനം ലഭ്യമാകുന്ന പദ്ധതികൾ കേരളത്തിലും ആവിഷ്കരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

M/s. KASE-ന്റെ ആഭിമുഖ്യത്തിലുള്ള എല്ലാ സെന്ററുകളിലും തൊഴിലാളികളുടെ മക്കൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വെൽഫയർ ബോർഡുകളുമായി ചർച്ചചെയ്ത് പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വേണ്ടി താഴെപ്പറയുന്ന ഐ.ടി.ഐ.കളിൽ നിർദ്ദിഷ്ട ട്രേഡുകളിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുള്ള തിരഞ്ഞെടുപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് തന്നെ നേരിട്ട് നടത്തുന്നതാണ്.

| | |
|---|---|
| ഐ.ടി.ഐ. ധനുവച്ചപുരം | വയർമാൻ-2 യൂണിറ്റ് |
| ഐ.ടി.ഐ. ചാക്ക | ടർണർ- 2 യൂണിറ്റ് |
| ഐ.ടി.ഐ. ആറ്റിങ്ങൽ | സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്)- 1 യൂണിറ്റ് |
| ഐ.ടി.ഐ. ചന്ദനത്തോപ്പ് | മെക്കാനിക്ക് ഡീസൽ- 1 യൂണിറ്റ് |
| ഐ.ടി.ഐ. ചെങ്ങന്നൂർ | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ-2 യൂണിറ്റ് |
| ഐ.ടി.ഐ. ഏറ്റുമാന്നൂർ | ഫിറ്റർ-2 യൂണിറ്റ്, വെൽഡർ- 1 യൂണിറ്റ് |
| ഐ.ടി.ഐ. കളമശ്ശേരി | ഫിറ്റർ 2 യൂണിറ്റ് |
| ഐ.ടി.ഐ. അരീക്കോട് | ഡ്രാഫ്റ്റ്സ്മാൻ സിവിൽ -2 യൂണിറ്റ് |
| ഐ.ടി.ഐ. മലമ്പുഴ | ഇലക്ട്രീഷ്യൻ -2 യൂണിറ്റ് |
| ഐ.ടി.ഐ.കോഴിക്കോട് | മെക്കാനിക്ക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ്- 2 യൂണിറ്റ് |
| ഐ.ടി.ഐ. കണ്ണൂർ | ഇലക്ട്രോണിക്സ് മെക്കാനിക്ക്-2 യൂണിറ്റ് |

കൂടാതെ ആവശ്യമെങ്കിൽ ഇനിയും ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ടി. വി. രാമകൃഷ്ണൻ,<br>*ചെയർമാൻ,*<br>*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,<br>11-8-2016.

## അനുബന്ധം

## വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

### 2015 ഏപ്രിൽ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2015 ഏപ്രിൽ 20-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

### ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. എ. മാധവൻ, എം.എൽ.എ
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ
3. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ
4. ശ്രീ. എം. എ. വാഹീദ്, എം.എൽ.എ

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി. ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്.രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

### ഹാജരായ ഉദ്യോഗസ്ഥർ

1) ശ്രീമതി പി.പി.സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2) ശ്രീമതി പി.എ.ഷൈല, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.
3) ശ്രീ.മുഹമ്മദ് അലി റാവുത്തർ, ഡയറക്ടർ, കെ.എസ്.ഇ.ബി.
4) ശ്രീമതി റ്റി.മിത്ര, ഡയറക്ടർ, അനെർട്ട്.
5) ശ്രീ.കെ.എം.ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ.
6) ശ്രീ. എം. ഉണ്ണികൃഷ്ണൻ, ജനറൽ മാനേജർ, അനെർട്ട്
7) ശ്രീ.ഇ.ആർ.പ്രേമചന്ദ്രദാസ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

8) ശ്രീ. ജെ. ബാബുരാജ്, ഡയറക്ടർ, (സപ്ലൈ ചെയിൻ മാനേജ്മെന്റ് & ജനറേഷൻ, ഇലക്ട്രിക്കൽ) കെ.എസ്.ഇ.ബി.

9) ശ്രീ.വി.വിനോദ്കുമാർ, ഫിനാൻസ് ഓഫീസർ, കെ.എസ്.ഇ.ബി.

10) ശ്രീ. ആർ.ബിജു, ഫിനാൻഷ്യൽ അഡ്വൈസർ, കെ.എസ്.ഇ.ബി.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വൈദ്യുതപദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള വിവിധ കണക്കുശീർഷകങ്ങൾ പരിഗണിക്കുകയും ഊർജ്ജ, ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നല്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ

2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ അംഗീകൃത പദ്ധതികളായ ഉൽപ്പാദനം, പ്രസരണം, വിതരണം, മറ്റുള്ളവ തുടങ്ങിയ ശീർഷകങ്ങളിലേയ്ക്കായി ആകെ 1353 കോടിരൂപയാണ് പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വ്യക്തമാക്കി.

2801-80-101-99-33- <u>വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം- സബ്സിഡികൾ</u>

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള സബ്സിഡിയായി 2014-15-ലെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 കോടി രൂപ ബോർഡിന് ലഭിച്ചിട്ടുള്ളതായും, പ്രസ്തുത ശീർഷകത്തിൽ പ്രതിമാസം 27 കോടിരൂപ വീതം സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള തുക കുടിശ്ശികയാണെന്നും സമിതി മനസ്സിലാക്കി. 2014-15 സാമ്പത്തിക വർഷത്തിൽ 2015 ജനുവരി മുതൽ മാർച്ച് വരെയുള്ള സബ്സിഡി 9600 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചു നൽകണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിത്തള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിനുള്ള ധനസഹായം

പ്രസ്തുത ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 524 കോടി രൂപ എഴുതിത്തള്ളിയെങ്കിലും നിലവിൽ ഇപ്രകാരം ചെയ്യാൻ വ്യവസ്ഥയില്ലാത്തതിനാൽ പ്രതിവർഷം 52.4 കോടി രൂപ വീതം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കിക്കൊണ്ടിരിക്കുകയാണെന്ന് സമിതി വ്യക്തമാക്കി.

ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാദ്ധ്യത നികത്തുന്നതിലേയ്ക്കായി അനുവദിച്ച സബ്സിഡി

പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയതു മൂലമുണ്ടായ നഷ്ടം നികത്തുന്നതിനായി 20.6.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച, പ്രതിവർഷം 40 ലക്ഷം രൂപയിൽ 2012-13, 2013-14, 2014-15 വർഷങ്ങളിലായി ബോർഡിന് ലഭിക്കാനുള്ള 1.2 കോടി രൂപ ബാധ്യതകൾ തട്ടിക്കിഴിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കി. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2801-80-101-91-നവീകരണ നിധി (ഊർജ്ജസമ്പാദ്യ ഏകോപന സമിതി)

വൈദ്യുതിയുടെ ഉൽപാദന, വിതരണ മേഖലകളുടെ ചെലവ് ചുരുക്കുന്നതിനും, വൈദ്യുതി ലാഭിക്കുന്നതിനും ലക്ഷ്യമിട്ട് കളമശ്ശേരിയിലെ Start up village- ൽ കെ.എസ്.ഇ.ബി ആരംഭിച്ച EOIZ ന് സാമ്പത്തിക സഹായം നൽകുന്നതിനായി നവീകരണ നിധിയിൽനിന്ന് 132.5 ലക്ഷം രൂപയും കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളുടെയും ജലാശയ ങ്ങളുടെയും ജലപ്പരപ്പിൽ

പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി നവീകരണനിധിയിൽ നിന്നും 700 ലക്ഷം രൂപയും ഊർജ്ജ സമ്പാദ്യ ഏകോപന സമിതിയുടെ വിവിധ ജോലികൾക്കായി 250 ലക്ഷം രൂപയും ഉൾപ്പെടെ 1082.5 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ ചെലവ് പ്രതീക്ഷിക്കുന്നുവെങ്കിലും 700 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ കണക്കിനത്തിൽ 382.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2801-80-101-90-<u>രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി</u>

<u>(സംസ്ഥാന വിഹിതം)</u>

എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2005-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന. പദ്ധതിതുകയുടെ 90 ശതമാനം മൂലധന സബ്സിഡിയായും, ബി.പി.എൽ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള മുഴുവൻ തുകയും ഗ്രാന്റായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. പദ്ധതിതുകയുടെ 10 ശതമാനം സംസ്ഥാന സർക്കാരാണ് നൽകേണ്ടത്. പദ്ധതിയുടെ ആകെ തുകയായ 224.3565 കോടി രൂപയുടെ 10 ശതമാനമായ 22.436 കോടി രൂപയുടെ സംസ്ഥാനവിഹിതത്തിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയിൽ 2014-15-ൽ അനുവദിച്ച 10 കോടി രൂപയ്ക്കുപുറമേ 2015-16 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. ആയതിനാൽ ഈ ശീർഷകത്തിൽ 2015-16 വർഷത്തിൽ 243.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>പ്രകൃതിവാതകം, പെറ്റ്കോക്ക്, കൽക്കരി എന്നിവയിലധിഷ്ഠിതമായ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം</u>

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജക്ഷാമം പരിഹരിക്കുന്നതിനായി ബ്രഹ്മപുരത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി, കൊച്ചി റിഫൈനറിയിൽനിന്നുള്ള ഉപോൽപ്പന്നമായ പെറ്റ് കോക്ക് ഉപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന 500 മെഗാവാട്ടിന്റെ വൈദ്യുതപദ്ധതി,

കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൽക്കരി അധിഷ്ഠിത മെഗാ വൈദ്യുത പദ്ധതി എന്നിവയ്ക്കുള്ള ധനസഹായമായി 2015-16 സാമ്പത്തിക വർഷം 10,000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം</u>

വർദ്ധിച്ചുവരുന്ന വൈദ്യുതാവശ്യകത നിറവേറ്റുന്നതിനും, വൈദ്യുതി തടസ്സമില്ലാതെ കൊണ്ടുപോകുന്നതിനും പ്രസരണമേഖല ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും, ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും, പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ സ്ഥലത്തിന്റെ ലഭ്യതക്കുറവും, ലൈനുകൾ വലിക്കുന്നതിനായി സ്ഥലം വിട്ടുനൽകുന്നതിനോടുള്ള ജനങ്ങളുടെ എതിർപ്പും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലമുടമകൾക്ക് സ്വീകാര്യമായ നൂതന പുനരധിവാസ നഷ്ടപരിഹാര പാക്കേജുകൾ ഇതിലേയ്ക്കായി നടപ്പിലാക്കേണ്ടതുണ്ട്. ആയത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ കെ.എസ്.ഇ.ബി.യ്ക്ക് മാത്രമായി ഇത് നേരിടാനാവില്ലെന്ന് സമിതി വിലയിരുത്തി. കൂടാതെ, സർക്കാർ ബഡ്ജറ്റിൽ പദ്ധതി വിഹിതം അനുവദിക്കുമ്പോൾ ഇക്കാര്യം കണക്കിലെടുക്കേണ്ടതാണെന്ന് പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കി. ആയതിനാൽ, പ്രാഥമിക നടപടിയെന്ന നിലയിൽ കെ.എസ്.ഇ.ബി ആവശ്യപ്പെട്ട 5000 ലക്ഷം രൂപ 2015-16 വർഷം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സാമ്പത്തിക സഹായം</u>

2014-ൽ നിലവിൽ വന്ന KSERC യുടെ പുതിയ സപ്ലൈ കോഡ് പ്രകാരം, എല്ലാ പുതിയ വൈദ്യുതി കണക്ഷനുകളും ഉപഭോക്താവിൽ നിന്നും ചാർജ് വാങ്ങി മാത്രമേ യൂട്ടിലിറ്റി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും, ഏതെങ്കിലും

വിഭാഗത്തിന് സൗജന്യ കണക്ഷൻ നൽകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായ തുക മുൻകൂറായി സർക്കാർ യൂട്ടിലിറ്റിക്ക് നൽകണമെന്നും സപ്ലൈകോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 2015-16 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ കുടുംബങ്ങൾക്കും മറ്റും സൗജന്യമായി നൽകാനുദ്ദേശിക്കുന്ന ഒരു ലക്ഷം വൈദ്യുതി കണക്ഷനുകൾക്കുള്ള തുകയായ 200 ലക്ഷം രൂപ ബജറ്റ് സഹായമായി നൽകണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ വൈദ്യുതി വികസനത്തിനുള്ള LAPDS പദ്ധതിക്കുള്ള സാമ്പത്തിക സഹായം

നിയമസഭാ സാമാജികർക്ക് അവരുടെ മണ്ഡലത്തിലെ ഊർജ്ജ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ ലോക്കൽ ഏരിയ പവർ ഡെവലപ്പ്മെന്റ് സ്കീം (LAPDS) നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി, സ്ഥലം എം.എൽ.എ., നിയോജക മണ്ഡലത്തിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ വിഹിതം ഉൾപ്പെടുത്തി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാനും എം.എൽ.എ അദ്ധ്യക്ഷനായ സബ് ഡിവിഷൻ തലത്തിലുള്ള സമിതി നിർദ്ദേശിക്കുന്ന ക്യാപ്പിറ്റൽ/മെയിന്റനൻസ് ജോലികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നതായും പദ്ധതി, സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി-യുടെ വിഹിതമായ 1400 ലക്ഷം രൂപ (140 മണ്ഡലങ്ങളിലായി 10 ലക്ഷം രൂപ വീതം) ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2810-00-800-99- ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും ( അനെർട്ട്) ധനസഹായം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക പ്രസ്തുത

ചെലവുകൾക്ക് അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതായി സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 314.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

അനെർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികളായ ബയോഗ്യാസ് പ്ലാന്റ്, സോളാർ വാട്ടർ ഹീറ്റർ, മെച്ചപ്പെട്ട പുക എന്നീ പരിപാടികൾക്കായി വകയിരുത്തിയിട്ടുള്ള 1700 ലക്ഷം രൂപ, പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ 23,400 ലക്ഷം രൂപ, പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ വിഭവ വിലയിരുത്തലിനായി വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ, ഗവേഷണവും -60 വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ, പരിശീലനം, വ്യാപനം, പ്രചരണം തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ എന്നിവ പര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി അധിക തുക ആവശ്യപ്പെട്ടിട്ടില്ലെന്ന് സമിതി വിശദമാക്കി.

<u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്</u>

മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി ആവശ്യപ്പെട്ട തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതിനാൽ അധിക തുക ആവശ്യമില്ലെന്നും സമിതി വിലയിരുത്തി.

2810-00-800-93- <u>എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം</u>

(01)- <u>സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ-36-സഹായധനം-ശമ്പളേതരം</u>

സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നതിനും, അവാർഡിനർഹമായ പദ്ധതികളുടെ വിശദവിവരം പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, സംസ്ഥാന അവാർഡ് ജേതാക്കൾക്ക് ദേശീയ ഊർജ്ജ

സംരക്ഷണ അവാർഡ് ജേതാക്കളുടെ വ്യവസായങ്ങൾ/സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(03) - പശ്ചാത്തല വികസനവും സ്ഥാപന വൽക്കരണവും -36-സഹായധനം-ശമ്പളേതരം

ഇ.എം.സി-യിൽ ആരംഭിക്കാനിരിക്കുന്ന പരിശീലന പരിപാടികളിലും, ഗവേഷണപരിപാടികളിലും മറ്റും പങ്കെടുക്കുന്നവർക്ക് നല്ല നിലയിലുള്ള ലബോറട്ടറി സംവിധാനങ്ങൾ, ലൈബ്രറി, കമ്പ്യൂട്ടർ നെറ്റ് വർക്കുകൾ എന്നിവ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നത് പ്രാദേശിക വികസനത്തിന് മറ്റുള്ളവർക്ക് മാതൃകയാക്കാനും സഹായകരമാവുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

(05)- കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി

ഊർജ്ജ ഓഡിറ്റ് സബ്സിഡി നൽകുന്നതിനും, മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്താക്കി മാറ്റുന്നതിനായി കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ 70 എൽ.പി/യു.പി സ്കൂളുകളിൽ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ, ട്യൂബുകൾ, ഫാനുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ കാര്യക്ഷമ സ്കൂളുകളാക്കുന്നതിനും, സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും, നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 102 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ശമ്പളം, യാത്രാചെലവുകളും മറ്റ് പ്രവർത്തന ചെലവുകളും എന്നീ ആവശ്യങ്ങൾക്കായി പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 194.06 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4801-80-101-99-<u>വൈദ്യുത പദ്ധതികൾക്കുള്ള മൂലധനച്ചെലവ്-പൊതുവായവ-</u>

വേളിയിൽ 110 കെ.വി. ഫീഡർബേയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുവാനും, വേളി മുതൽ മുട്ടത്തറ വരെ 110 കെ.വി. ഭൂഗർഭ കേബിൾ നിരത്തുന്ന പണികൾ ചെയ്യുന്നതിനും, മുട്ടത്തറയിൽ ലാന്റ് അതോറിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറുന്ന സ്ഥലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച 500 ലക്ഷം രൂപയ്ക്ക് പുറമെ 2015-16 സാമ്പത്തിക വർഷം 4000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് 2015-16 വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ലെന്ന് സമിതി വ്യക്തമാക്കി.

ശമ്പള -ശമ്പളേതര ചെലവിനങ്ങൾക്കുള്ള തുക തനത് ഫണ്ടിൽ നിന്നും വഹിക്കാമെന്നും, 2015-16 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക കമ്മീഷന് ആസ്ഥാനമന്ദിര നിർമ്മാണത്തിന്റെയും ഓംബുഡ്സ്മാൻ ഓഫീസ് നിർമ്മിക്കുന്നതിന്റെയും പ്രാരംഭ ചെലവുകൾക്കായി വിനിയോഗിക്കാൻ അനുവദിക്കണമെന്നുമുള്ള വകുപ്പിന്റെ ആവശ്യം വിഷയനിർണ്ണയ സമിതി പരിഗണിക്കേണ്ടതില്ലെന്നും വകുപ്പിന് പ്ലാൻ ഫണ്ട് ഇല്ലാത്തതിനാൽ നോൺ പ്ലാൻ ഫണ്ട് റീ-അപ്രോ- പ്രിയേഷൻ മുഖേന വകമാറ്റി ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി ധനകാര്യ വകുപ്പിന് എഴുതിയാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതിയുടെ അടുത്തയോഗം 2015 ഏപ്രിൽ 27 -ാം തീയതി തിരുവനന്തപുരത്ത് ചേരുവാനും സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് യോഗം പിരിഞ്ഞു.

## വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

### 2015 ഏപ്രിൽ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 ഏപ്രിൽ 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 4 'എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദ്ദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. പി. എ. മാധവൻ, എം.എൽ.എ
2.. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ
3. ശ്രീ. എം.എ.വാഹീദ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി. ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2) ശ്രീ. വി. കെ. ബാലചന്ദ്രകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3) ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

4) ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

5) ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് & എക്സലൻസ്.

6) ശ്രീമതി എ.ഷൈനമോൾ, ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

7) ഡോ.എം.ബീനത്ത്, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്.

8) ശ്രീ.പി.പ്രമോദ്, ഡയറക്ടർ,(ഇൻചാർജ്) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

9) ശ്രീ.ജെ.എൽ.ജസ്റ്റിൻ വിൽസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

10) ശ്രീ. കെ.ബാലകൃഷ്ണൻ, ലേബർ കമ്മീഷണർ.

11) ശ്രീ.വി.വീരകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ.

12) ശ്രീ.സി.ശെൽവരാജ്, സി.ഡബ്ല്യൂ.എഫ്.ഐ. കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

13) ശ്രീമതി ടി.എൽ.തങ്കമണി, സി.ഡബ്ല്യൂ.എഫ്.സി. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്.

14) ശ്രീമതി രാധാകുമാരി, സി.ഇ.ഒ, കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, തൃശ്ശൂർ.

15) ശ്രീ.വി.എൽ.അനിൽ കുമാർ, സി.ഇ.ഒ., കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,തിരുവനന്തപുരം.

16) ശ്രീമതി കെ.ആർ.ഗീതാകുമാരി, സി.ഇ.ഒ., കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

17) ശ്രീ.പി.എൻ.രഞ്ജിത്, സി.ഇ.ഒ., കേരള ടെയിലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

18) ശ്രീ.ബേബി കാസ്റ്റോ, സി.ഇ.ഒ., ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

19) ശ്രീ.എസ്.ഗോപകുമാർ, സി.ഇ.ഒ., ഈറ്റ, കാട്ടുവള്ളി, തൊഴിലാളി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

20) ശ്രീ. ടി. എസ്. ബിമൽലാൽ, ഫിനാൻസ് ഓഫീസർ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, XXIV-തൊഴിലും തൊഴിലാളിക്ഷേമവും, XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നിവ പരിഗണനയ്ക്കെടുക്കുകയും തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായും ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നല്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

ഇ.എസ്.ഐ. കോർപ്പറേഷന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി കോർപ്പറേഷൻ നേരിട്ട് നടത്തിക്കൊണ്ടിരുന്ന ഡ്രഗ്സ് ആന്റ് ഡ്രസിംഗ്സ്, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, റെന്റ് റേറ്റ്സ് ആന്റ് ടാക്സ് എന്നീ സ്കീമുകൾ നിലവിൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതായും, ആവശ്യപ്പെട്ടിട്ടുള്ള അധിക തുക മുഴുവൻ ഇ.എസ്.ഐ കോർപ്പറേഷൻ റീ ഇംബേഴ്സ് ചെയ്തു തരുന്നതാണെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി. റീ സ്ട്രക്ച്ചറിംഗിന്റെ ഭാഗമായി വന്ന മാറ്റങ്ങൾകൊണ്ടാണ് കോർപ്പറേഷൻ അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

ഇ.എസ്.ഐ കോർപ്പറേഷൻ ആവശ്യപ്പെട്ട അധിക തുകയ്ക്കുള്ള ശിപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും പ്രസ്തുത തുക ധനകാര്യ വകുപ്പിൽ നിന്നും വാങ്ങിയെടുക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വകുപ്പുദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും ചെയ്തു.

2210-01-102-99- <u>എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി- ഭരണ വിഭാഗം</u>

-05-4- <u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-102-98- -എംപ്ലോയീസ് ഇൻഷ്വറൻസ് പദ്ധതി- ഡിസ്പെൻസറികൾ

-02- വേതനം

മുൻവർഷം വേതനയിനത്തിൽ അനുവദിച്ച തുകയേക്കാൾ വളരെയധികം തുക ചെലവായ സാഹചര്യത്തിൽ 2015-16 വർഷത്തേക്ക് ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 128.51 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 51.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-06- വാടക, കരം, നികുതി

ഇ.എസ്.ഐ കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് തന്നെ മുൻകൂറായി വഹിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-34-3- മറ്റു ചെലവുകൾ- മറ്റിനം

കഴിഞ്ഞ വർഷത്തെ നിരവധി ബില്ലുകൾ നിലവിൽ മാറാൻ കഴിയാത്തതായി ഉണ്ടെന്ന് സമിതി മനസ്സിലാക്കി. ഇവയ്ക്കൊപ്പം നടപ്പ് സാമ്പത്തിക വർഷത്തെ ബില്ലുകൾ കൂടി മാറുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-102-96-ഇ.എസ്.ഐ യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

-(01)- ഡ്രഗ്സും ഡ്രസ്സിംഗ്സും

ഇ.എസ്.ഐ കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പുതന്നെ നേരിട്ട് വഹിക്കേണ്ട സ്ഥിതിയായതിനാൽ നിലവിൽ

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 2598.3 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-(3)- സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

മുമ്പ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇനത്തിലുള്ള മുഴുവൻ ചെലവുകളും യാതൊരു പരിധിയുമില്ലാതെ ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ടാണ് വഹിച്ചിരുന്നതെന്നും എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നയത്തിന്റെ ഭാഗമായി മുഴുവൻ ചെലവുകളും വകുപ്പ് നേരിട്ട് വഹിക്കേണ്ടി വരുമെന്നും സമിതി മനസ്സിലാക്കി. ഈയിനത്തിൽ 5000 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4999.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും പ്രസ്തുത തുക ധനകാര്യ വകുപ്പിൽ നിന്നും വാങ്ങിയെടുക്കുവാൻ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-(04)- മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ്

സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലെ ധാരാളം റീ-ഇംപേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 832 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV- തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

തൊഴിൽ വകുപ്പ് പദ്ധതിയേതര ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള തുക പൂർണ്ണമായി അനുവദിച്ചിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യണമെന്നും, ആയത് കൂടാതെ അധികമായി തുക ആവശ്യപ്പെട്ടിട്ടില്ലെന്നും സമിതിയെ അറിയിച്ചു

അസംഘടിത തൊഴിലാളികൾക്കുള്ള സഹായം എന്ന ഇനത്തിൽ 635 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും ഇവർക്കുള്ള പെൻഷൻ നൽകുന്നതിനായി 450 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെന്നും പെൻഷൻ നൽകുന്നതിന് ഒരു വർഷത്തേക്ക് 80 ലക്ഷം രൂപ വേണ്ടിവരുമെന്നും പെൻഷൻ ഇനത്തിൽ നിലവിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാണ് അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും 2011-2012-നുശേഷം ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും ബോർഡ് ഫണ്ടിൽ നിന്നാണ് നാളിതുവരെ പെൻഷൻ നൽകിവന്നിരുന്നതെന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

പ്രസ്തുത ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-001-99- തൊഴിലും തൊഴിൽ സൗകര്യങ്ങളും -തൊഴിൽ - ഭരണവും നടത്തിപ്പും-നടത്തിപ്പ്

ലേബർ കമ്മീഷണറുടെയും കമ്മീഷണറേറ്റിലെ ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, ടെലിഫോൺ ചെലവ്, വാടക, കരം, നികുതി, ഔദ്യോഗിക ഭാഷാ പ്രയോഗം, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ, ഇന്ധനം എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-001-98- ജില്ലാ ആഫീസുകൾ

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസുകൾ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസുകൾ, ജില്ലാ ലേബർ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വാഹനങ്ങളുടെ അറ്റകുറ്റ പണികൾ, വിവരസാങ്കേതിക വിദ്യ എന്നീ ആവശ്യങ്ങൾക്കായി ഈ

ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-101-99- കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും മിനിമം വേജസ് കമ്മിറ്റികളിലെയും ജീവനക്കാരുടെ യാത്രാപ്പടി, അവധി യാത്രാനുകൂല്യം എന്നീ ആവശ്യങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-101-96- വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

-05-4-ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഡിജിറ്റൽ ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ബോക്സ്, ലോക്കറുള്ള അലമാര, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-101-95- വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

-05-4- ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

കോഴിക്കോട് വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-101-94- വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

-04-(1)- യാത്രാബത്ത

ട്രിബ്യൂണലിന് കൊല്ലം, തിരുവനന്തപുരം എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ അധികച്ചുമതല നൽകിയിട്ടുള്ളതിനാൽ ടി ജില്ലകളിൽ ക്യാമ്പ് സിറ്റിംഗുകൾ നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-05-4- ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകൾ ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട സാഹചര്യത്തിൽ പുതിയ ചുമതല വഹിച്ചത് മൂലമുണ്ടായ അധിക ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3.7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-99- വിവരസാങ്കേതിക വിദ്യ

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രിന്റർ, ഫാക്സ്മെഷീൻ, മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3.35 ലക്ഷം രൂപ ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻ വഴിയോ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-101-91-തൊഴിൽ കോടതി എറണാകുളം

-05-3- ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്

എറണാകുളം തൊഴിൽ കോടതിയ്ക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-21- മോട്ടോർ വാഹനങ്ങൾ

എറണാകുളം തൊഴിൽ കോടതി നിലവിൽ ഉപയോഗിക്കുന്ന കാർ ഇനിയും ഉപയോഗിക്കാൻ കഴിയാത്തവിധം ഉപയോഗശൂന്യമായതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം പുതിയ കാർ വാങ്ങുന്നതിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-99- വിവര സാങ്കേതിക വിദ്യ

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ചാർജ്ജുകളിലേക്കുമായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-101-89- ലേബർ കോടതി, കണ്ണൂർ

-06- വാടക, കരം, നികുതി

2015 ഏപ്രിൽ മുതൽ 2016 ഫെബ്രുവരി വരെയുള്ള വാടക, മാസം 12,000/-രൂപ വീതം നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-21-2- മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപണികളും

കണ്ണൂർ തൊഴിൽ കോടതിയ്ക്ക് കാർ റിപ്പയർ ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-101-86- വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

-04-1- യാത്രാചെലവുകൾ - യാത്രാബത്ത

ട്രിബ്യൂണലിന്റെ അധികാരപരിധി വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 2.55 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-04-2- യാത്രാചെലവുകൾ - സ്ഥലംമാറ്റബത്ത

ഈ ശീർഷകത്തിൽ 5000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-04-4- യാത്രാചെലവുകൾ - അവധി യാത്രാനുകൂല്യം

പ്രിസൈഡിംഗ് ഓഫീസർക്ക് നാഷണൽ ജുഡീഷ്യറി പേ കമ്മീഷൻ ആനുകൂല്യങ്ങൾ ബാധകമായതിനാൽ ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-05-3- ഓഫീസ് ചെലവുകൾ- ടെലഫോൺ ചെലവ്

ഈ ശീർഷകത്തിൽ 20,400 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-05-4- ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

1993 മുതലുള്ള നിയമപുസ്തകങ്ങൾ ബൈന്റ് ചെയ്യുവാനും, ഇ.സി.സിയുടെ അധിക ചുമതലകൂടി ലഭിച്ചതിനാൽ കേസിലെ കക്ഷികൾക്ക് സമൻസ് അയക്കുവാനും, കേസുകളും അനുബന്ധ രേഖകളും സൂക്ഷിക്കുവാനുള്ള ഫർണിച്ചർ വാങ്ങുന്നതിനും, പുസ്തകങ്ങളും പീരിയോഡിക്കൽസും വാങ്ങുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-06- വാടക, കരം, നികുതി

പ്രിസൈഡിംഗ് ഓഫീസറുടെ ഔദ്യോഗിക വസതിയുടെ വാടക വർദ്ധിച്ചതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കു പുറമെ 12,000 രൂപ അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-21- മോട്ടോർ വാഹനങ്ങൾ

പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-21-2- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും

വാഹനത്തിന്റെ യന്ത്രത്തകരാറുകൾ പരിഹരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 65,000 രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-45- <u>പി.ഒ.എൽ</u>

ട്രിബ്യൂണലിന് ഇ.സി.സി യുടെ അധിക ചുമതലകൂടി ഉള്ളതിനാൽ കോട്ടയം, മൂന്നാർ,തൊടുപുഴ എന്നിവിടങ്ങളിൽ ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുന്നതിന് പ്രതിമാസം 3000 കിലോമീറ്റർ സഞ്ചരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-97- <u>വാഹനങ്ങളുടെ വാടക</u>

നിലവിലുള്ള വാഹനം ക്യാമ്പ് കോർട്ട് സിറ്റിംഗുകൾ നടത്തുവാനും ബഹുദൂരം യാത്ര ചെയ്യുവാനും അനുയോജ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേയ്ക്കായി 4.43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-99 - <u>വിവരസാങ്കേതിക വിദ്യ</u>

ഓഫീസ് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും, സ്കാനർ, ഇൻവർട്ടർ, ബാറ്ററി എന്നിവ വാങ്ങുന്നതിനും, ഓഫീസിലേയ്ക്കും പ്രിസൈഡിംഗ് ഓഫീസറുടെ ചേമ്പറിലേക്കും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനും, ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ എന്നിവയുടെ റിപ്പയറും മെയിന്റനൻസും എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-101-85- <u>വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്</u>

-05-4- <u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്കു പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകൾ കൂടി കൈകാര്യം ചെയ്യുന്നതിനായി പാലക്കാട് വ്യാവസായിക ട്രിബ്യൂണൽ കാര്യാലയത്തിലേയ്ക്ക് ഫർണിച്ചർ, സ്റ്റാന്റുകൾ എന്നിവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 1 ലക്ഷംരൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-45- പി.ഒ.എൽ

നിലവിലുള്ള ക്യാമ്പ് സിറ്റിംഗുകൾക്ക് പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കേസ്സുകളുടെ ക്യാമ്പ് സിറ്റിംഗുകൾകൂടി നടത്തേണ്ടതിനാൽ ഇന്ധനചെലവ് അധികമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് 34.53 ലക്ഷം രൂപ അധിക തുക ആവശ്യപ്പെട്ടിട്ടുള്ളതായും, ഉദ്യോഗസ്ഥരുടെ യാത്രപ്പടി ഇനത്തിലെ കുടിശ്ശിക 2011-ലെ സർക്കാർ ഉത്തരവ് പ്രകാരം നാല് വാഹനങ്ങൾ വാങ്ങാൻ അനുമതി ലഭിച്ചതിൽ രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനായാണ് തുക പ്രധാനമായും ആവശ്യപ്പെട്ടിരുന്നതെന്നും, ആയത് 2015-16 വർഷം ലഭിച്ചിട്ടില്ലെന്നും, റ്റി.എ., വാടക, കരം, നികുതി എന്നിവയ്ക്കാണ് അധിക തുക തുടർന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

2230-01-102-99-വ്യവസായശാലാ ഡയറക്ടറാഫീസ്

-04- യാത്രാചെലവുകൾ

പരിശോധനാ വിഭാഗത്തിലെ വിദഗ്ദ്ധർക്ക് നിരന്തരം യാത്ര പോകേണ്ടതിനാൽ യാത്രാചെലവ് കൂടുതലാണ്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-06-വാടക, കരം, നികുതി

വാടക, കരം, നികുതി എന്നീ ഇനങ്ങളുടെ നിരക്ക് വളരെയധികം കൂടിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-21-മോട്ടോർ വാഹനങ്ങൾ

24-3-2011 ലെ സർക്കാർ ഉത്തരവുപ്രകാരം 4 വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി ലഭിച്ചെങ്കിലും 2012-13 സാമ്പത്തികവർഷത്തിൽ രണ്ട്

ലഭ്യതയുടെ കുറവ് കാരണം 2 വാഹനങ്ങൾ മാത്രമേ വാങ്ങാൻ കഴിഞ്ഞിരുന്നുള്ളൂ. 2015-16 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-2-<u>സംരക്ഷണവും അറ്റകുറ്റപണികളും</u>

വകുപ്പിന്റെ വാഹനങ്ങൾ പഴകിയതും എക്സൈസ് വകുപ്പിന്റെയും മറ്റും ലേലത്തിൽ പിടിച്ചവയുമായതിനാൽ കൂടുതൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ഈ ഇനത്തിൽ 97,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-34-<u>മറ്റു ചെലവുകൾ</u>

ഓഫീസ് ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ഈയിനത്തിൽ 57,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-102-98- <u>തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്</u>

മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും വിവരസാങ്കേതിക വിദ്യ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 95,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-102-95-<u>ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും</u>

-04-<u>യാത്രാചെലവുകൾ</u>

കുടിശ്ശിക യാത്രാപ്പടി ബില്ലുകൾ മാറാനുള്ളതിനാൽ, ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-34-<u>മറ്റു ചെലവുകൾ</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-45-<u>പി.ഒ.എൽ</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-96- <u>കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം</u>

2014-15 ലെ ഒൻപത് മാസത്തെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷൻ, 2015-16 വർഷത്തെ പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5653.53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-94-10- <u>മരം കയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം</u> (ജനറൽ)

2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണത്തിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-92-10- <u>കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി- സംഭാവന</u>

2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 826.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-88- കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

2014-15 ലെ കുടിശ്ശികയും, 2015-16 ലെ അംശദാനം അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 129.92 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-86-10- കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റു പുതിയ ക്ഷേമപദ്ധതികളും- സംഭാവന

2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശികയും 2015-16-ലെ പെൻഷൻ വിതരണം നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4404.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-83- ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് താൽക്കാലിക ധനസഹായം

2014-15 ലെ കുടിശ്ശിക ഉൾപ്പെടെ അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 29,000 രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-79-10- കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്- സംഭാവന

2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 22 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി. ആയതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 2628 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-78-10- 1.4.1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്- സംഭാവന

2014-15 ലെ പെൻഷൻ കുടിശ്ശികയും, 2015-16 ലെ പെൻഷനും അനുവദിക്കുന്നതിന് നിലവിലുള്ള തുക അപര്യാപ്തമായതിനാൽ 3.22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-73-10- കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി- അംശദാനം-സംഭാവന

2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 290.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-72-10- കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം-സംഭാവന

സർക്കാരിൽ നിന്ന് ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റും 2014-15-ലെ പെൻഷൻ കുടിശ്ശികയും, 2015-16 ലെ പെൻഷനും നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16484.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-71-10- കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം- സംഭാവന

2014-15 ലെ പെൻഷൻ കുടിശ്ശികയും, 2015-16 ലെ വർദ്ധിപ്പിച്ച നിരക്കിലെ പെൻഷനും വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 557.47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-62-10- പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

2011-12 മുതൽ 2015-16 സാമ്പത്തിക വർഷംവരെയുള്ള പദ്ധതി ചെലവുകൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 950 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-61-10- കേരള ബാർബർ -ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി- സംഭാവന

2014-15 ലെ പെൻഷൻ കുടിശ്ശികയും, 2015-16 ലെ പെൻഷനും വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 378.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-59-10- കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്- സംഭാവന

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2014-15 വരെ സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 524 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-57-10- കേരള ആഭരണ തൊഴിലാളി ക്ഷേമനിധി- സംഭാവന

കേരള ജ്വല്ലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയർ ആയി ബോർഡിന് നൽകണമെന്നതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 5.43 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-51- സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം: 1,00,00,000 രൂപ (പദ്ധതിയേതരം)

2014-15-ലെ പെൻഷൻ കടിശ്ശിക, 2015-16-ലെ പെൻഷൻ എന്നിവ അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1166.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-50-10- കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി- സംഭാവന

2014-15 സാമ്പത്തിക വർഷത്തെ പെൻഷൻ കടിശ്ശിക, 2015-16-ലെ പെൻഷൻ, സർക്കാർ നൽകുവാനുള്ള അംശദാന കടിശ്ശിക എന്നിവ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 74.87 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-01-103-35-10- കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി- സംഭാവന

2014-15 ലെ കടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1056 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-32- കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

2014-15 ലെ കടിശ്ശിക അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-01-103-20- കേരള ചുമട്ടുതൊഴിലാളി (അൺ അറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി

2014-15-ലെ പെൻഷൻ കടിശ്ശികയും, 2015-16-ലെ പെൻഷനും അനുവദിക്കുന്നതിലേയ്ക്കായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9.19 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

വകുപ്പിന്റെ ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന കുറിപ്പുകൾ മാർച്ച് 31-ന് മുൻപ് തയ്യാറാക്കിയിട്ടുള്ളതാണെന്നും, ആയതിനുശേഷം ഉപധനാഭ്യർത്ഥന വഴി തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ കുറിപ്പിൽ അധികം ആവശ്യപ്പെട്ട തുകയിൽ നിന്നും ഉപധനാഭ്യർത്ഥനവഴി അനുവദിച്ച തുക കുറയുമെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പെൻഷൻ കുടിശ്ശിക ഒഴിവാക്കുന്നതിന് എല്ലാ മാസവും പെൻഷൻ നൽകുന്നതാണെന്ന് 2015-16 വർഷത്തെ ബജറ്റ് പ്രഖ്യാപനം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വിശദീകരണം സമിതി ആരാഞ്ഞു.

വകുപ്പിൽ നിന്നും അതാതു മാസം വേണ്ടിവരുന്ന ചെലവിന്റെ വിവരം ലഭിക്കുന്നതിനനുസരിച്ച് തുക അനുവദിക്കുന്നതിൽ ബുദ്ധിമുട്ടില്ലെന്നും, പെൻഷൻ കുടിശ്ശിക കൊടുത്തു കഴിഞ്ഞാൽ, അതാതു മാസങ്ങളിൽ ആവശ്യമുള്ള തുക നൽകുന്നതിൽ ബുദ്ധിമുട്ടില്ലെന്നും റിപ്പോർട്ട് ലഭിച്ചാൽ അതാത് മാസം തുക നൽകാൻ കഴിയുമെന്നും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ്</u>

എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പിന് പദ്ധതിയേതര ഇനത്തിൽ 40 ലക്ഷം രൂപയാണ് അധികമായി ആവശ്യപ്പെടുന്നതെന്നും, 2015-16 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും, പുതിയ പദ്ധതികൾ നിലവിൽ വരുന്നതിന്റെ ഭാഗമായി യാത്രാചെലവുകൾ വർദ്ധിക്കാൻ സാധ്യതയുള്ളനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും, തൊഴിലില്ലായ്മ വേതനത്തിനായി ആവശ്യപ്പെട്ട 54 കോടി രൂപയിൽ 34 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നതിനാൽ ബാക്കി തുകയായ 20 കോടി രൂപയും, കൂടാതെ 48 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതിയെ അറിയിച്ചു.

2230-02-001-99-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

-04-1-യാത്രാചെലവുകൾ-യാത്രാബത്ത

2014-15 സാമ്പത്തികവർഷത്തെ യാത്രാബത്ത ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2015-16 സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-04-4-യാത്രാചെലവുകൾ-അവധി യാത്രാനുകൂല്യം

15 വർഷം സർവ്വീസ് പൂർത്തീകരിച്ച 300 ഓളം ജീവനക്കാർ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമേ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-05-2-ഓഫീസ് ചെലവുകൾ -വൈദ്യുത ചെലവ്

വൈദ്യുതി ചാർജ് നിരക്കിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

05-3-ടെലഫോൺ ചെലവ്

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഇന്റർനെറ്റ്, ടെലഫോൺ ചെലവ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

05-4-മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-06-<u>വാടക, കരം, നികുതി</u>

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 50% കെട്ടിടങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട വാടക പുതുക്കി നിശ്ചയിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-26-<u>ഔദ്യോഗിക ഭാഷാ പ്രയോഗം</u>

2015 നവംബർ മാസം മലയാളഭാഷ വാരാഘോഷം നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കുപുറമേ 60,000 രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-97-<u>വാഹനങ്ങളുടെ വാടക</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-99-<u>വിവരസാങ്കേതിക വിദ്യ</u>

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 2015-16 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-02-101-97-<u>വികലാംഗർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്</u>

-04-1-<u>യാത്രാചെലവുകൾ -യാത്രാബത്ത</u>

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

--04-2-യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-05-4- ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-02-101-96-അംഗവൈകല്യം ബാധിച്ചിട്ടുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സ്പെഷ്യൽ സെൽ

-04-1-യാത്രാ ചെലവുകൾ -യാത്രാബത്ത

2015-16 സാമ്പത്തികവർഷം ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

-04-2-യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-001-99-ട്രെയിനിംഗ് ഡയറക്ടറേറ്റ്

യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റു ചെലവുകൾ എന്നീ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8.08 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-001-98-<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

2014-15 സാമ്പത്തികവർഷത്തെ കണക്കപ്രകാരമുള്ള ചെലവ് ബജറ്റ് വിഹിതത്തിനേക്കാൾ അധികരിച്ചതിനാലും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 1.06 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230– 03-003-98-<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

മുൻവർഷത്തെ കണക്കപ്രകാരം ചെലവ് ബജറ്റ് പ്രൊവിഷനേക്കാളും അധികരിച്ചതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 35,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-03-003-97-<u>കേരളാ ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന</u>

<u>വ്യക്തികൾക്ക് പരിശീലനം</u>

ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 9.46 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>വ്യാവസായിക പരിശീലന വകുപ്പ്</u>

വകുപ്പ് പദ്ധതിയേതര ഇനത്തിൽ 25.78 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുള്ളതായും, യാത്രാപ്പടി, എക്സാമിനേഷൻ എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട തുകയിൽ വൻ കുറവ് വരുത്തിയിട്ടുള്ളതിനാലും, പരിശീലനാവശ്യങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടില്ലാത്തതിനാലും 10 കോടി രൂപ അനുവദിക്കണമെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

നോൺ പ്ലാൻ ഇനത്തിൽ 164 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും 139 കോടി രൂപയാണ് അനുവദിച്ചതെന്നും എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. കഴിഞ്ഞ വർഷത്തെ ചെലവ് 132.6 കോടി രൂപയാണെന്നിരിക്കെ, 30 കോടി രൂപ അധികമായി ആവശ്യപ്പെടുന്നതിന്റെ കാരണമെന്താണെന്നും, സമിതി ആരാഞ്ഞു.

2014-15 സാമ്പത്തിക വർഷം ശമ്പളം, ടി.എ, എക്സാമിനേഷൻ എന്നീ ഇനങ്ങളിൽ അധിക തുകവേണ്ടിവരുമെന്നും, ടി.എ. ഇനത്തിൽ ലഭിച്ച 46 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷനിലൂടെ ലഭിച്ച 90.44 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളതായും, റ്റി.എ, പരീക്ഷാവശ്യങ്ങൾ, സ്റ്റാഫിന്റെ യാത്ര, മറ്റിനങ്ങൾ എന്നിവയ്ക്കായി അധിക തുക ആവശ്യമായി വരുമെന്നും ഡയറക്ടർ വ്യക്തമാക്കി

2230-03-101-99-<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2379.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-101-96-<u>വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം</u>

2014-15 വർഷത്തെ കണക്കുപ്രകാരം ഉപശീർഷകങ്ങളിൽ ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 81.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-101-83-<u>ഐ.ടി.ഐ.കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്രസഹായം)</u>

2015-16 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 10 കോടി രൂപയുടെ ചെലവ് മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂവെന്നതിനാൽ ബാക്കി തുകയായ 4.3762 കോടി രൂപ ബജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2230-03-101-76- <u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 34.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-101-74- വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കൽ)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 40.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-102-99-ദേശീയ തൊഴിലഭ്യസന പരിപാടികൾ

2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം ചെലവ് ബജറ്റ് വിഹിതത്തിനേക്കാളും അധികരിച്ചതിനാൽ ഈ ശീർഷകത്തിൽ 2015-16 സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 23.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## പുതിയ പദ്ധതികൾ

**നാല് ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തൽ**

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള നാല് ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, കുഴൽമന്ദം എന്നീ ഐ.ടി.ഐ.കളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാം നിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിലേയ്ക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, നിർമ്മാണ പ്രവർത്തനം എന്നിവയ്ക്കായി 2015-16 സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

**പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ**

സംസ്ഥാനത്ത്, ഇപ്പോൾ സർക്കാർ ഐ.ടി.ഐ.കൾ ഇല്ലാത്തതും, ഐ.ടി.ഐ. തുടങ്ങുന്നതിനാവശ്യമായ സ്ഥലം വകുപ്പിന് സൗജന്യമായി ലഭ്യമാക്കി നൽകുന്നതുമായ 5 ബ്ലോക്ക് പഞ്ചായത്തുകളിൽ 5 സർക്കാർ

ഐ.ടി.ഐ.കൾ 2015-16 വർഷം ആരംഭിക്കുന്നതിലേക്ക് യന്ത്രസാമഗ്രികളുടെ സംഭരണം, അടിസ്ഥാന സൗകര്യവികസനം, കെട്ടിടം, വർക്ക്ഷോപ്പ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി തുക ആവശ്യപ്പെട്ടിരുന്നെങ്കിലും 2015-16 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 350 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**പ്രതീക്ഷ**

സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്കായി അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ നൈപുണ്യം പകർന്ന് നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ലക്ഷ്യം വച്ച് ചാക്ക, കളമശ്ശേരി, കാസർഗോഡ് ഐ.ടി.ഐ.യിൽ ഓരോ യൂണിറ്റ് വീതം സ്പെഷ്യൽ ബാച്ചുകൾ ആരംഭിക്കുന്നതിനായി 60 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തികവർഷം 60 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2230-03-800-94- <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്</u>

-36- <u>സഹായധനം - ശമ്പളേതരം</u>

'കില'-യെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനും, പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

-36- <u>ശമ്പളേതരം</u>

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ഒഴിച്ചുകൂടാനാകാത്ത ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2015-2016 വർഷത്തെ

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15.358 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4250-00-800-99 - നിയമസഭാ സാമാജികർക്കുള്ള പ്രത്യേകവികസന ഫണ്ട്

2011-12-ൽ എം.എൽ.എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം റിലീസ് ചെയ്തിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. ആയത് 2013-14-ലെ വിഹിതമായ 141 കോടിയിൽ നിന്ന് കുടിശ്ശികയായ 35.25 കോടി രൂപ അനുവദിക്കുകയുണ്ടായി. 2014-15-ലെ വിഹിതമായ 141 കോടിയും അഡീഷണൽ അലോക്കേഷനായി 9.3 കോടിയും ചേർത്ത് ആകെ 150.30 കോടി രൂപ 2014-15-ൽ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും മുൻവർഷത്തെ കുടിശ്ശിക 35.25 കോടി രൂപയും വയനാട് ജില്ലയ്ക്ക് മുൻവർഷങ്ങളിലെ കുടിശ്ശികയായി അനുവദിക്കാനുണ്ടായിരുന്ന 2.25 കോടി രൂപയും അനുവദിക്കുകയുണ്ടായി. 2014-15-ൽ റിലീസ് ചെയ്യാൻ ബാക്കിയുള്ള 2820 ലക്ഷം രൂപ 2015-16 വർഷം ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

2235-60-102-98-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും-മറ്റു സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമപ്രവർത്തനങ്ങളും സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ചുള്ള പെൻഷൻ-കർഷകതൊഴിലാളി പെൻഷൻ

-198-ഗ്രാമപഞ്ചായത്ത്

-192-മുനിസിപ്പാലിറ്റീസ്

-191-കോർപ്പറേഷൻ

കർഷകതൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ

കർഷകതൊഴിലാളിപെൻഷൻ വിതരണം ചെയ്യുന്നതിന് പര്യാപ്തമാണെങ്കിലും 2014-15-ലെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക കൂടി നൽകുന്നതിന് ആയത് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3561.86 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി തൊഴിൽ വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ പല ശീർഷകങ്ങളിലും അധികം ആവശ്യപ്പെട്ടിരിക്കുന്ന തുകയും 'ഫോറം എ'യിൽ അധികം ആവശ്യപ്പെട്ടിരിക്കുന്ന തുകയും തമ്മിൽ വ്യത്യാസമുള്ളതായും ഉദാഹരണമായി 23-ാമത്തെ പേജിൽ ക്രമനമ്പർ 9-ൽ അധികം ആവശ്യപ്പെട്ട തുക 33,00,00,000 ആണെങ്കിലും പ്രസ്തുത ഐറ്റത്തിന് 43-ാമത്തെ പേജിൽ ഫാറം 'എ' ആവശ്യപ്പെട്ടിരിക്കുന്നത് 3,18,00,000 ആണ് എന്നും, 24-ാമത്തെ പേജിൽ 17-ാമത് ഐറ്റത്തിൽ അധികമായി ആവശ്യപ്പെട്ട തുക 5,24,11,000 ലക്ഷം രൂപയാണെന്നും, ആയതിന്റെ 54-ാമത്തെ പേജിൽ 67,400 ലക്ഷം രൂപയാണ് അധികമായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഇത്തരത്തിൽ പലയിടത്തുമുള്ള വ്യത്യാസം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഇത്തരത്തിലുള്ള വ്യത്യാസം വന്നത് എന്തുകൊണ്ടാണെന്നും, പരിശോധിച്ച് വിശദീകരണം നൽകണമെന്നും, കൂടാതെ അധികം ആവശ്യമുള്ള തുക എത്രയാണെന്ന് വ്യക്തമായി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയിൽ ലഭ്യമായ കുറിപ്പുകളിൽ സംഭവിച്ച വ്യത്യാസങ്ങൾ പരിശോധിച്ച് തിരുത്തുന്നതാണെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി യോഗം വൈകുന്നേരം 4.40 ന് പിരിഞ്ഞു.

## വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

### 2015 മെയ് 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 മെയ് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ

10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദ്ദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. പി. എ. മാധവൻ, എം.എൽ.എ
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ
3. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി. ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്തയോഗം മെയ് 12-ാം തീയതി തിരുവനന്തപുരത്ത് ചേരുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി രാവിലെ 11.30 ന് യോഗം പിരിഞ്ഞു.

**വിഷയനിർണ്ണയ സമിതി VII**

**(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും)**

**2015 മെയ് 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വിഷയനിർണ്ണയസമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 മെയ് 12-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജവകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.
3. ശ്രീ. എൻ.എ. നെല്ലിക്കുന്ന്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി. ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

അന്തരിച്ച മുൻ ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി എ. നഫീസത്ത് ബീവിയുടെ നിര്യാണത്തിൽ സമിതി അനുശോചനം രേഖപ്പെടുത്തുകയും പരേതയോടുള്ള ആദരസൂചകമായി ഒരു മിനിറ്റ് മൗനമാചരിക്കുകയും ചെയ്തു.

സമിതിയുടെ 12-5-2015 ന് നിശ്ചയിച്ചിരുന്ന കാര്യപരിപാടി പ്രകാരമുള്ള വിഷയങ്ങൾ പരിഗണിക്കുന്നതിനായി സമിതിയുടെ അടുത്തയോഗം 19-5-2015-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു

സമിതി ഉച്ചയ്ക്കുശേഷം 3.20ന് യോഗം പിരിഞ്ഞു.

## വിഷയനിർണ്ണയ സമിതി-VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## <u>2015 മെയ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 മെയ് മാസം 19-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.

2. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ജെ. മേരിഗ്രേസി, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

സമിതിയുടെ പരിഗണനയിലുള്ള കരട് റിപ്പോർട്ടുകൾ, സംക്ഷേപം എന്നിവ പരിഗണിക്കുകയും താഴെപ്പറയുംപ്രകാരം അംഗീകരിക്കുകയും ചെയ്തു.

1) പതിനൊന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപത്തിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 304/സബ്സി സി1/12/നി.സെ]

2) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള ന്യൂ എംപ്ലോയ്മെന്റ് ജനറേഷൻ/ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, ഐ.ടി.ഐ കളുടെ നവീകരണം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 5097/സബ്സി സി1/12/നി.സെ]

3) കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം അന്യസംസ്ഥാന തൊഴിലാളിക്ഷേമപദ്ധതി എന്ന വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 5602/സബ്സി സി1/13/നി.സെ]

4) സമിതി 2013 ഒക്ടോബർ മാസം നടത്തിയ അഖിലേന്ത്യാ പഠനപരിപാടിയെ സംബന്ധിക്കുന്ന റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെ ചേർത്തിട്ടുള്ള ഖണ്ഡിക റിപ്പോർട്ടിന്റെ അവസാനം ചേർക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തൊഴിൽ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിൽ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കേരളത്തിലെ ക്ഷേമ പദ്ധതികൾ പൊതുവെ മികച്ചതാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാലും മറ്റു സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന മെച്ചപ്പെട്ട പദ്ധതികളിൽ നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായവ ഉണ്ടെങ്കിൽ അവ പ്രാവർത്തികമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിർമ്മാണ, ഊർജ്ജ മേഖലകളിൽ സമിതി സന്ദർശിച്ച സംസ്ഥാനങ്ങൾ വളരെ ആധുനികവും മികച്ചതുമായ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതായാണ് സമിതി മനസ്സിലാക്കുന്നത്. കേരളത്തിലെ സാഹചര്യത്തിനും ജനങ്ങളുടെ അഭിലാഷങ്ങൾക്കും സർക്കാരിന്റെ നയങ്ങൾക്കും അനുഗുണമാകുംവിധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രസ്തുത മേഖലകൾ നവീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഫയൽ നമ്പർ 4139/സബ്/സി സി1/13/നി.സെ]

സമിതി വൈകുന്നേരം 4.45-ന് യോഗം പിരിഞ്ഞു

## വിഷയനിർണ്ണയ സമിതി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## 2015 ജൂലൈ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2015 ജൂലൈ മാസം 20-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.15 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ
2. ശ്രീ. പി.എ.മാധവൻ, എം.എൽ.എ
3. ശ്രീ. എൻ.എ.നെല്ലിക്കുന്ന്, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി പി. പി. സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
2. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി എൻ. ഡി. ശോഭന, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ
5. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ഡി.ഇ.ടി, തിരുവനന്തപുരം
6. ശ്രീ. ബി. ജസ്റ്റിൻ രാജ്, ജോയിന്റ് ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ. കെ. പി. രവികുമാർ, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
8. ശ്രീ. ആർ. ബിജു, ഫിനാൻഷ്യൽ അഡ്വൈസർ, കെ.എസ്.ഇ.ബി ലിമിറ്റഡ്
9. ശ്രീ. കെ. ഒ. ജോർജ്, ചീഫ് എക്സിക്യൂട്ടീവ്, കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്
10. ഡോ. എ. കെ. ശ്രീഹരി, സി. ഇ. ഒ, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർഫണ്ട് ബോർഡ്
11. ശ്രീമതി ഇ. എച്ച്. റംല, സി. ഇ, കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫെയർഫണ്ട് ബോർഡ്, തൃശ്ശൂർ
12. ശ്രീ. ഷമീം അഹമ്മദ്, ജനറൽ മാനേജർ, ഒഡെപെക്
13. ശ്രീ. പി. റ്റി. ഗിരീഷ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ. എസ്. ഐ. ഡി
14. ശ്രീ. കെ. എസ്. ധർമ്മരാജൻ, അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്

15. ശ്രീ. റ്റി. മനു, അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടർ, കെ. എസ്. ഐ. ഡി

16. ശ്രീ. ആർ. ഗോപകുമാർ, ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്

17. ശ്രീ. റ്റി. എസ്. ബിമൽലാൽ, ഫിനാൻസ് ഓഫീസർ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

18. ശ്രീ. കലേഷ് പി. കുമാർ, അക്കൗണ്ട്സ് ഓഫീസർ, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കൊല്ലം.

സമിതി 2015-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവനവ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ, സമിതിയുടെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്, 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം എന്നിവയിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ചട്ടങ്ങളുടെ പരിഗണന

സമിതിയുടെ 9-7-2014-ലെ യോഗത്തിലെ നിർദ്ദേശപ്രകാരം തൊഴിലും നൈപുണ്യവും വകുപ്പ് എസ്.ആർ.ഒ നം.202/2015 ആയി പുറപ്പെടുവിച്ച 2015-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) (ഭേദഗതി) ചട്ടങ്ങൾ സമിതി അംഗീകരിച്ചു.

[ ഫയൽ നമ്പർ 2556/സബ്സി സി1/14/നി.സെ]

II. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

1. 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 3, 5, 47 എന്നീ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 2849/സബ്സി സി1/13/നി.സ

2. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 30, 38, 41, 43, 45, 46, 49, 50, 63, 64, 65, 66, 67, 70, 71, 72, 73, 74, 75, 88 എന്നീ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 3216/സബ്സി സി1/14/നി.സെ]

3. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളിക്ഷേമ പദ്ധതി എന്നിവയുടെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിന്മേലുള്ള ചർച്ച സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 239(3) പ്രകാരം 16-7-2014-ന് സഭയിൽ സമർപ്പിച്ച സംക്ഷേപത്തിലെ ഖണ്ഡിക 2,3 എന്നിവയിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 59/സബ്സി സി1/14/നി.സെ]

III. സമിതി പരിഗണിച്ച കരട് റിപ്പോർട്ടുകൾ

1. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഇനം II(2) പ്രകാരം സമിതി അംഗീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത കരട് റിപ്പോർട്ട് അംഗീകരിക്കുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 3216/സബ്സി സി1/14/നി.സെ]

2. 2014 ഏപ്രിൽ1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[ഫയൽ നമ്പർ 2813/സബ്സി സി1/15/നി.സെ]

<u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ എസ്.ആർ.ഒ</u>

സമിതി അംഗീകരിച്ച കരട് ചട്ടം അനുസരിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ച 2014-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുകൊണ്ടുള്ള 18-12-14-ലെ എസ്.ആർ.ഒ നമ്പർ 788/2014, 2014-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുകൊണ്ടുള്ള 18-12-14-ലെ എസ്.ആർ.ഒ നമ്പർ 789/2014 & 790/2014 എന്നിവ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

(ഫയൽ നമ്പർ 4915/സബ്സി സി1/14/നി.സെ
ഫയൽ നമ്പർ 3765/സബ്സി സി1/14/നി.സെ)

സമിതി വൈകുന്നേരം 4.20-ന് യോഗം പിരിഞ്ഞു.

<u>വിഷയ നിർണ്ണയ സമിതി VII</u>

<u>(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)</u>

<u>2015 ആഗസ്റ്റ് 20-ാം തീയതിയിലെ യോഗനടപടികുറിപ്പ്</u>

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2015 ആഗസ്റ്റ് മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ

ബഹു. ഊർജ്ജ വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. ഹംസ, എം. എൽ. എ
2. ശ്രീ. എം. എ. വാഹീദ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പി. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, ലേബർ ആന്റ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്
2. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. വി. കെ. ബാലകൃഷ്ണൻ, ലേബർ കമ്മീഷണർ
4. ശ്രീ. കെ. ബിജു, ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
5. ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

കാര്യപരിപാടിയിലെ ആദ്യഇനമായി ഉൾപ്പെടുത്തിയിരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' എന്ന വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരമുള്ള ചർച്ച മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് സമിതി 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണന

(ഫയൽ നമ്പർ 978/സബ്സി സി1/15/നി.സെ)

1. ചട്ടം 2(i)-ൽ 'in clause' എന്ന വാക്കുകൾക്ക് മുമ്പിൽ (a) എന്ന് ചേർക്കുവാനും;

2. ചട്ടം 2(ii)-ലെ '(ii)in rule 2B' എന്ന അക്കങ്ങളും അക്ഷരവും അല്പവിരാമചിഹ്നവും ഒഴിവാക്കി പകരം തത്സ്ഥാനത്ത് '(b)' എന്ന് ചേർക്കാനും;

3. ചട്ടം 2(iii) എന്നത് 2(ii) എന്നും അതനുസരിച്ച് തുടർന്നു വരുന്ന ഉപചട്ടങ്ങളും പുനരക്കം ചെയ്യാനും; ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി രാവിലെ 11.30-ന് യോഗം പിരിഞ്ഞു.

**വിഷയനിർണ്ണയ സമിതി - VII**

**(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)**

**2015 നവംബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2015 നവംബർ മാസം 17-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക്, നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.

2. ശ്രീ. പി. എ. മാധവൻ, എം.എൽ.എ.

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

4. ശ്രീ. എം. എ. വാഹിദ്, എം.എൽ.എ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

2. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1) ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവുംവകുപ്പ്

2) ശ്രീമതി എസ്. വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

3) ശ്രീ. ആർ. രാഹുൽ, മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

4) ശ്രീ. കെ. ബിജു., ലേബർ കമ്മീഷണർ & ഡയറക്ടർ ഓഫ് ട്രെയിനിംഗ് & എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റ്.

5) ഡോ. എം. ബീനത്ത്, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്

6) ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം വ്യാവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' എന്ന വിഷയത്തിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും, സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു.

<u>1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള ചർച്ച്</u>

വിഷയം : വ്യവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി'

വ്യവസായിക പരിശീലന വകുപ്പിന്റെ 'നൈപുണ്യ വികസന പരിപാടി' യിൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് പ്രധാനമായും നടപ്പിലാക്കുന്ന പദ്ധതികൾ വിർച്വൽ ക്ലാസ്സ് റൂം, 3'ഡി'ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ,

സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം, പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതി എന്നിവയാണെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു

3 'ഡി'ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിന്റെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് എഞ്ചിനീയറിംഗ്, ഡ്രോയിംഗ്, ഓട്ടോമൊബൈൽ, ഡ്രാഫ്റ്റ്മാൻ, സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ 3'ഡി'ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് നടപ്പിലാക്കിയെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ലെന്നും പ്രസ്തുത പദ്ധതി യന്ത്രങ്ങളുടെ ആന്തരിക പ്രവർത്തനം പരിശീലനാർത്ഥികൾക്ക് മനസ്സിലാക്കുന്നതിന് വളരെ സഹായകമാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി

3 'ഡി'ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിന്റെ പ്രയോജനം വിലയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ**

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളുടെ ഗുണനിലവാരം ഉയർത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും, 14 ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്നും, 2015-16-ൽ 10 ഐ.ടി.ഐ.കൾക്കുകൂടി അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

**സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് (എസ് ഡി ഐ) സ്കീം**

ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡി.ജി.ഇ.ടി.) രൂപീകരിച്ച ഉന്നതതല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ പ്രകാരം, സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് (എസ്.ഡി.ഐ.) സ്കീം കേന്ദ്ര സർക്കാർ പുന:സംഘടിപ്പിച്ചതനുസരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തി 2014-15-ൽ 213 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ (വി.ടി.പി.)കൾക്ക് അംഗീകാരം നൽകുകയും ആ സ്ഥാപനങ്ങളിലൂടെ പരിശീലനം നടത്തി വരുന്നതായും

2014-15 സാമ്പത്തിക വർഷത്തിൽ 14087 പേർക്ക് എസ്.ഡി.ഐ. സ്കീം പ്രകാരം വിവിധ കോഴ്സുകളിൽ പരിശീലനം നൽകിയതായും പരിശീലനം ലഭിച്ചവരിൽ 13597 പേർ വിജയിച്ചതായും 13487 പേർക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിയിട്ടുള്ളതായും ഇവരിൽ ബഹു ഭൂരിപക്ഷം പേരും സ്വദേശ, വിദേശ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നതായും സമിതി നിരീക്ഷിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി പരിശീലനത്തിനും, വിലയിരുത്തലുകൾക്കുമായി 10.8316 കോടി രൂപ ചെലവഴിച്ചതായും സമിതിക്ക് ബോധ്യപ്പെട്ടു.

പ്രസ്തുത പദ്ധതി മുൻ കേന്ദ്ര സർക്കാരിന്റെ കാലത്ത് കേരളത്തിൽ നടപ്പാക്കിയിരുന്നുവെന്നും എന്നാൽ നിലവിൽ വ്യക്തത വന്നിട്ടില്ലെന്നും, പദ്ധതിക്കായി തുക അനുവദിക്കുകയോ കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന് മറുപടി ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു. പദ്ധതി സംബന്ധിച്ച് ഡി.ജി.ഇ.ടി.യിൽ ആശയക്കുഴപ്പമുണ്ടെന്നും പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും ഈ നല്ല പദ്ധതിക്ക് സംസ്ഥാന സർക്കാർ ഫണ്ട് നൽകാത്തത് വലിയ പ്രശ്നമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വകുപ്പു മുഖേന പദ്ധതി തുടരുന്നത് കുറെക്കൂടി നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി.) പദ്ധതി

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവ. ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 26 ഐ.ടി.ഐ.കളിൽ ഡി.ജി.ഇ.ടി.യുടെ പുതുക്കിയ ഗൈഡ് ലൈൻ പ്രകാരം 2014-15-ൽ 20 ഐ.ടി.ഐ.കളുടെ ഐ.ഡി.പി. പുതുക്കി നൽകിയതനുസരിച്ച് പ്രസ്തുത ഐ.ടി.ഐ.കളിൽ പദ്ധതി വിജയപ്രദമായി നടപ്പിലാക്കുന്നുണ്ടെന്നും 2014-15 സാമ്പത്തിക വർഷത്തിൽ 26 ഐ.ടി.ഐ.കളിലായി 7,26,09,440 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, പദ്ധതി പ്രകാരം ഐ.ടി.ഐ.കൾക്ക് ലഭിച്ചിട്ടുള്ള പലിശരഹിത വായ്പ തിരിച്ചടക്കുന്നതിനുള്ള ഇൻകം ജനറേഷൻ പ്രവർത്തനങ്ങൾ ഐ.ടി.ഐ കളിൽ നടപ്പിലാക്കിയെന്നും സമിതി നിരീക്ഷിച്ചു പൊതുസ്വകാര്യ

പങ്കാളിത്ത പദ്ധതിയിൽ ഐ.ടി.ഐ.കൾക്ക് ലഭിച്ചിട്ടുള്ള പലിശരഹിത വായ്പ തിരിച്ചടക്കുന്നതിനുള്ള ഇൻകം ജനറേഷൻ പ്രവർത്തനങ്ങൾ ഐ.ടി.ഐ.കളിൽ നടപ്പിലാക്കി എന്നതു കൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് സമിതി ആരാഞ്ഞു.

പൊതുസ്വകാര്യ പദ്ധതിയിൽ 26 ഐ.ടി.ഐ.കളുണ്ടെന്നും അവയിൽ 22 എണ്ണം തൊഴിൽ വകുപ്പിന്റെയും 4 എണ്ണം പട്ടിക ജാതി വകുപ്പിന്റെയും കീഴിലാണെന്നും, ഓരോ ഐ.ടി.ഐ.യ്ക്കും രണ്ട് കോടി രൂപയാണ് നൽകുന്നതെന്നും സംസ്ഥാന സർക്കാർ അംഗീകരിച്ച വ്യാവസായിക വികസന പദ്ധതി പ്രകാരം ഓരോ ഐ.ടി.ഐ യും തങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രങ്ങൾ, ട്രേഡുകൾ എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും ലേബർ കമ്മീഷണർ വിശദമാക്കി. 30 വർഷ കാലാവധിയുള്ള പലിശ രഹിത വായ്പയായിട്ടാണ് കേന്ദ്ര സർക്കാർ ഈ തുക നൽകിയിട്ടുള്ളതെന്നും, 11-ാമത്തെ വർഷം മുതൽ വായ്പ തിരിച്ചട യ്ക്കണമെന്നും, ഐ.ടി.ഐ.കൾ നടത്തുന്ന ഹ്രസ്വകാല കോഴ്സിൽ നിന്ന് കിട്ടുന്ന വരുമാനം ഉപയോഗിച്ച് വായ്പ തിരിച്ചടയ്ക്കണമെന്നതാണ് വ്യവസ്ഥയെന്നും, ഇൻകം ജനറേഷൻ പദ്ധതി പ്രവർത്തനത്തിലൂടെ കോഴിക്കോട് ഐ.ടി.ഐ.യ്ക്ക് ഒരു കോടി രൂപ ലഭിച്ചു കഴിഞ്ഞുവെന്നും, പാലക്കാട് ഐ.ടി.ഐ.യിൽ വരുമാനമുണ്ടാക്കുവാൻ സാധിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള 4 ഐ.ടി.ഐ.കളിൽ 'മാരുതി'യാണ് പങ്കാളിയെന്നും ചില ഐ.ടി.ഐ.കളിൽ പങ്കാളിയായി ടാറ്റയുമുണ്ടെന്നും പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ വരുമാനമുണ്ടാക്കുന്നതിന് പ്രസ്തുത വകുപ്പ് കൂടുതൽ മുൻകൈയെടുക്കേണ്ടതാണെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ വരുമാനദായക പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് ആരാഞ്ഞതിന് ആരംഭിച്ചിട്ടുണ്ടെന്നും ആരംഭിക്കാത്തവർക്ക് അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യാവസായിക പങ്കാളിയുടെ ഭാഗത്തു നിന്നുള്ള സഹകരണത്തോടെ മാത്രമേ ഇത്തരം പദ്ധതികൾ നടപ്പാക്കാനാവൂയെന്നും ലേബർ കമ്മീഷണർ അറിയിച്ചു. ഇക്കാര്യത്തിൽ കുറെക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം വിശദമാക്കുവാൻ സമിതി ആവശ്യപ്പെട്ടു. കെയ്സിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങൾ സെന്റർ ഓഫ് എക്സലൻസ് ഇൻ നേഴ്സിംഗ്, സെന്റർ ഓഫ് എക്സലൻസ് ഇൻ ഓയിൽ ആന്റ് റിഗ്, സെന്റർ ഓഫ് എക്സലൻസ് ഇൻ സെക്യൂരിറ്റി, സെന്റർ ഓഫ് എക്സലൻസ് ഇൻ ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ്, സെന്റർ ഓഫ് എക്സലൻസ് ഇൻ ഏവിയേഷൻ എന്നിവയാണെന്നും അതിൽ മുഖ്യമായത് സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് സെന്ററുകൾ സ്വകാര്യ പങ്കാളിത്തത്തോടെയാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും നഴ്സമാർക്ക് നൈപുണ്യ വികസനത്തിനായി ആശയ വിനിമയത്തിലുള്ള കഴിവുകൾ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

(i) സെന്റർ ഓഫ് എക്സലൻസ് ഇൻ ഓയിൽ ആൻഡ് റിഗ്

അങ്കമാലിയിലെ ഇൻകലിൽ നിന്ന് പാട്ട വ്യവസ്ഥയിൽ എടുത്തിട്ടുള്ള കെട്ടിടത്തിലെ 38,500 സ്ക്വയർ ഫീറ്റ് ഇന്റർനാഷണൽ സ്കിൽസ് പാർക്ക് സ്ഥാപിക്കു ന്നതിനായി അനുവദിച്ചിട്ടുണ്ടെന്നും സ്ഥാപനം ഉൽഘാടനത്തിന് സജ്ജമായിരിക്കു കയാണെന്നും 2015 നവംബർ മാസത്തിൽ പ്രവർത്തനമാരംഭിക്കുമെന്നും 'കെയ്സി 'ന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു

(ii) സെന്റർ ഓഫ് എക്സലൻസ് ഇൻ സെക്യൂരിറ്റി

സെന്റർ ഓഫ് എക്സലൻസ് ഇൻ സെക്യൂരിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞു. അബുദാബി നാഷണൽ സെക്യൂരിറ്റി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചാണ് സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നതെന്നും നാഷണൽ സെക്യൂരിറ്റി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിനാൽ പുതിയ ധാരണാപത്രത്തിനായി ഇൻസ്റ്റിറ്റ്യൂട്ടുമായി ചർച്ചയിലാണെന്നും അതിന്റെ കാലതാമസമുണ്ടെന്നും 2015 നവംബർ മാസം തന്നെ നടപടികൾ പൂർത്തിയാകുമെന്നും 'കെയ്സ്' മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

(iii) കൗശൽ കേന്ദ്രങ്ങൾ

കൗശൽ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി സ്കിൽ പാർക്കായിട്ട് എല്ലാ ജില്ലകളിലും ആരംഭിക്കുവാനാണുദ്ദേശിക്കുന്നതെന്നും ആദ്യ കൗശൽകേന്ദ്രയുടെ പ്രവർത്തനം കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിച്ചുവെന്നും രണ്ടാമത്തേത് കോഴിക്കോട്ടും മൂന്നാമത്തേത് പാലക്കാട്ടും തുടർന്ന് മറ്റു ജില്ലകളിലും പ്രവർത്തനം ആരംഭിക്കുന്നതിന് ഫണ്ടിനായി ആസൂത്രണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 'കെയ്സ്' മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

(iv) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ

നിർമ്മാണമേഖലയിൽ തൊഴിൽപരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്ന പ്രസ്തുത കേന്ദ്രത്തിന്റെ ആദ്യഘട്ട ഉദ്ഘാടനം 2016 ഫെബ്രുവരിയിൽ നടത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുകയാണെന്ന് 'കെയ്സ്' മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

II. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

1) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3216/സബ്സി സി1/2014/നി.സെ)

i) ഖണ്ഡിക 1

പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് 21-10-2014-ലെ യോഗത്തിൽ പരിഗണിക്കവെ, ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും സർക്കാരിലേയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിഷയം വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പരിഗണിച്ച് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി വാങ്ങണമെന്നും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ജോലികൾ യഥാസമയം പൂർത്തിയാക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്മേൽ വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിച്ചു. ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും സംസ്ഥാന സർക്കാരിലേക്ക് ലഭിക്കേണ്ട കുറച്ച് തുക ലഭിച്ചിട്ടുണ്ടെന്നും, ഇനിയും 56,13,25,359/- രൂപ ലഭിക്കാനുണ്ടെന്നും കുടിശ്ശിക സംബന്ധിച്ച സമാഹൃത

സ്റ്റേറ്റ്മെന്റ് ഇ.എസ്.ഐ. കോർപ്പറേഷന്റെ റീജിയണൽ ഡയറക്ടർക്കും ഇ.എസ്.ഐ കോർപ്പറേഷന്റെ ഡയറക്ടർ ജനറലിനും അയച്ചുകൊടുത്തുകൊണ്ട് തുക അടിയന്തരമായി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കുടിശ്ശിക എത്രയും വേഗം നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

സംസ്ഥാന സർക്കാർ തുക നൽകിയതിനുശേഷം റീ ഇംബേഴ്സ് ചെയ്യുന്ന രീതിയനുസരിച്ച് തുക നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തുക നൽകിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ നൽകുന്ന തുകയുടെ 90 ശതമാനത്തിന്റെ എട്ടിൽ ഏഴു ഭാഗം ആദ്യമനുവദിക്കുമെന്നും അക്കൗണ്ടന്റ് ജനറലിന്റെ സർട്ടിഫിക്കറ്റ് സഹിതം ചെലവ് വിവരങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുമ്പോഴാണ് ബാക്കി പത്തുശതമാനം നൽകുന്നതെന്നും 2004-05 മുതൽ 2013-14 വരെയുള്ള 56 കോടി രൂപയാണ് കിട്ടാനുള്ളതെന്നും ഇതിനിടയിൽ രണ്ട് സാമ്പത്തികവർഷത്തെ 16 കോടി രൂപ കോർപ്പറേഷൻ റീ ഇംബേഴ്സ് ചെയ്തിട്ടുണ്ടെന്നും മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസ് ഡയറക്ടർ മറുപടി നൽകി. എട്ടുവർഷത്തെ തുക കുടിശ്ശികയാകുവാനുള്ള കാരണമെന്താണെന്ന് സമിതി ആരായുകയും ഓരോ വർഷത്തേയും തുക കോർപ്പറേഷൻ സെറ്റിൽ ചെയ്തുതരേണ്ടതാണെന്ന് ഡയറക്ടർ മറുപടി നൽകുകയും ചെയ്തു. ഇൻപേഷ്യന്റ്സിന് സംസ്ഥാന സർക്കാർ മുഴുവൻ തുകയും നൽകിയതിനു ശേഷം റീ ഇംബേഴ്സ്മെന്റ് എന്ന ഒരു മാറ്റം മുൻ വർഷമുണ്ടായില്ലേയെന്ന ചോദ്യത്തിന് അത് ഇപ്പോൾ നിലവിൽ വന്ന നിയമമാണെന്നും, റിവോൾവിംഗ് ഫണ്ട് സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നതെന്നും, ഇൻപേഷ്യൻസിനുണ്ടാകുന്ന ചെലവ് എക്സ്പെന്റിച്ചർ റിവോൾവിംഗ് ഫണ്ടെന്നുള്ള നിലയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ അധീനതയിൽ വച്ചിരിക്കുകയായിരുന്നുവെന്നും 1-4-2015 മുതൽ പ്രസ്തുത ഫണ്ട് മുഴുവനും സംസ്ഥാന സർക്കാരിന് കൈമാറിയശേഷം സംസ്ഥാന സർക്കാർ നേരിട്ട് ചെലവാക്കണമെന്ന തീരുമാനമുണ്ടായെന്നും അപ്രകാരമാണ് ഇപ്പോൾ നടക്കുന്നതെന്നും ഡയറക്ടർ സ്പഷ്ടമാക്കി. അതിലും സംസ്ഥാനസർക്കാർ മുൻകൂറായി ചെലവാക്കിയതിനു ശേഷമാണ് തുക തിരികെ നൽകുന്നതെന്നും

പദ്ധതി മുടക്കമില്ലാതെ നടക്കുന്നുണ്ടെങ്കിലും അതിലും കടിശ്ശികയുണ്ടെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ഐ.പി ഇനത്തിൽ കടിശ്ശികയുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നടപ്പ് വർഷം ലഭിച്ച 9 കോടി രൂപ ഉപയോഗിച്ച് 31-3-2015 വരെയുള്ള 1000 രൂപയിൽ താഴെയുള്ള തുക മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളുവെന്നും സംസ്ഥാന സർക്കാർ റിവോൾവിംഗ് ഫണ്ട് നേരിട്ട് വിനിയോഗിക്കുമ്പോൾ റീ അപ്രോപ്രിയേഷൻ വഴി പ്രസ്തുത തുക സെറ്റിൽ ചെയ്യുവാൻ സാധിക്കുമായിരിക്കു മെന്നും എന്നാൽ നിലവിൽ ലഭിച്ച തുക മുഴുവൻ ചെലവഴിച്ചതിനാൽ അതിനുള്ള സാധ്യത ഇല്ലെന്നും ഡയറക്ടർ മറുപടി നൽകി. ഇ.എസ്.ഐ കോർപ്പറേഷൻ റിലീസ് ചെയ്യുതരുന്ന തുകയ്ക്ക് ആനുപാതികമായി ധനകാര്യവകുപ്പ് അഡീഷണൽ ആതറൈസേഷനിലൂടെയോ ഉപധനാഭ്യർത്ഥനയിലൂടെയോ തുക അനുവദിക്കുക യാണ് ചെയ്യുന്നതെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അങ്ങനെയാണെങ്കിൽ 31-3-2015-ന് ശേഷം തുകയൊന്നും നൽകിയിട്ടില്ലെന്ന് പറയുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ആയിരം രൂപയ്ക്ക് താഴെയുള്ള പ്രൈമറി ഹെൽത്ത്കെയറുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് സംസ്ഥാനസർക്കാർ തന്നെ വഹിക്കണമെന്നതിനാൽ സംസ്ഥാനസർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടാണതെന്നും ആയത് റിവോൾവിംഗ് ഫണ്ടിൽ ഉൾപ്പെടുന്നതല്ലെന്നും, പ്രസ്തുത തുകയാണ് സംസ്ഥാനസർക്കാർ ഫണ്ട് അനുവദിക്കുന്നതനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുന്നതെന്നും, 2013-2014, 2014-15 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 8.2 കോടി രൂപയും 9 കോടി രൂപയുമാണ് പ്രൈമറി ഹെൽത്ത്കെയറുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ അനുവദിച്ച തെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ ഫണ്ട് നൽകുമ്പോൾ 7:1 എന്ന അനുപാതത്തിൽ സെറ്റിൽ ചെയ്യുമെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ വിശദീകരിച്ചു.

ii) <u>ഖണ്ഡിക 36</u>

ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ കടിശ്ശികയും 2014-15 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും നൽകുന്നതിന് 9 ലക്ഷം രൂപ

അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയിൽ 15 ലക്ഷം രൂപ അധികമായി ലഭിച്ചെന്നും ആകെ 31,71,000 രൂപ ചെലവഴിച്ചെന്നും 2014 ജനുവരി മുതലുള്ള പെൻഷൻ കുടിശ്ശികയും ഡിസംബർ വരെയുള്ള വർദ്ധിപ്പിച്ച പെൻഷനും നൽകിയിട്ടുണ്ടെന്നും, 2015-16-ൽ അനുവദിച്ച 25,79,000 രൂപയിൽ 5.52 ലക്ഷം രൂപ വിനിയോഗിച്ച് ജൂലൈ മാസം വരെയുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർത്തെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകാനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടും 2015 ജൂലൈ മാസത്തിന് ശേഷമുള്ള പെൻഷൻ നൽകാത്തതിനുള്ള വിശദീകരണം സമിതി ആവശ്യപ്പെട്ടതിന്, ജില്ലകളിൽനിന്ന് ആവശ്യപ്പെടുന്നതനുസരിച്ചാണ് തുക ചെലവാക്കുന്നതെന്നും നാളിതുവരെ ജില്ലകളിൽനിന്ന് അധികമായി തുക ആവശ്യപ്പെട്ടിട്ടില്ലെന്നും അഡീഷണൽ ലേബർ കമ്മീഷണർ സമിതിയെ അറിയിച്ചു.

പാവപ്പെട്ട ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് യഥാസമയം റിക്വയർമെന്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

iii) <u>ഖണ്ഡിക 37</u>

2014-15-ൽ അനുവദിച്ച 2.48 കോടി രൂപ വിനിയോഗിച്ച് 2014-15 ജനുവരി മുതൽ ഡിസംബർ വരെയുണ്ടായിരുന്ന വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തുവെന്നും, ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപയും അധികമായി ലഭിച്ച 1 കോടി രൂപയും പൂർണ്ണമായി വിനിയോഗിച്ചുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു

iv) <u>ഖണ്ഡിക 39</u>

ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളികൾക്ക് 2013-14-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനും ബഡ്ജറ്റ് വിഹിതമായും സമിതിയുടെ ശിപാർശയുടെ

അടിസ്ഥാനത്തിലും ആകെ ലഭിച്ച 5.24 കോടി രൂപയും 2015-16 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി ലഭിച്ച 1.44 കോടി രൂപയും അധികമായി ലഭിച്ച 1.78 കോടി രൂപയും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു

v) ഖണ്ഡിക 68, 69 എന്നീ ശിപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2) <u>2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3511/സബ്സി സി1/15/നി.സെ)

എം.എൽ.എ.മാരുടെ വാർഷികവിഹിതം സംബന്ധിച്ച വിഷയം തൊഴിൽ വകുപ്പിന്റെ ഡിമാന്റിൽ ഉൾപ്പെട്ടതാണോയെന്ന് സമിതി സംശയമുന്നയിച്ചതിന് പ്രസ്തുത ഡിമാന്റിലാണ് തുക വകയിരുത്തിയിരിക്കുന്നതെന്നും ഈ ഹെഡ്ഡിൽ അധികമായി തുക ആവശ്യം വന്നിട്ടില്ലെന്നും അടുത്ത രണ്ട് മാസത്തിനകം അധികമായി തുക അനുവദിച്ചാൽ മതിയാകുമെന്നും ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു

3) <u>തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആധുനിക സങ്കേതങ്ങൾ തുടങ്ങിയവയുടെ പഠനം സംബന്ധിച്ച അഖിലേന്ത്യാ പര്യടനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള സമിതി റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4139/സബ്സി സി1/13/നി.സെ)

ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കുവേണ്ടി 13 ഐ.റ്റി.ഐ.കളിൽ വിവിധ ട്രേഡുകളിൽ സൗജന്യമായി പരിശീലനം നൽകുന്നുണ്ടെന്നും അവർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള പരിശീലനം കൂടി നൽകണമെന്നതാണ് ആവശ്യമെന്നും പ്രസ്തുത ആവശ്യം എങ്ങനെ നടപ്പിലാക്കണമെന്നത് ആലോചിക്കേണ്ട വിഷയമാണെന്നും 'കെയ്സ്' മാനേജിംഗ് ഡയറക്ടർ സൂചിപ്പിച്ചു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സെന്റർ ഓഫ് എക്സലൻസ് വഴിയോ

പി.പി.പി. പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മാത്രമോ പ്രത്യേക പരിശീലനം നൽകാമെന്നും റെഗുലർ ഐ.ടി.ഐ.കളിൽ തൊഴിലധിഷ്ഠിത പരിശീലന കോഴ്സ് നടത്തുന്നതിനാൽ വിദേശ തൊഴിൽ സാധ്യതാപരിശീലനം എല്ലാവർക്കും നൽകാൻ കഴിയില്ലെന്നും 'കെയ്സ് ' മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡ് ഫണ്ടിന്റെ പത്ത് ശതമാനം നൈപുണ്യവികസനത്തിനായി ചെലവഴിക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിർദ്ദേശം സമിതി ചൂണ്ടിക്കാട്ടുകയും സാമ്പത്തികഭദ്രതയുള്ള ബോർഡുകളുടെ ഒരു വിഹിതം ഉപയോഗിച്ച് മേല്പറഞ്ഞ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത ആരായുകയും ചെയ്തു. പ്രസ്തുത വിഷയം ക്ഷേമനിധി ബോർഡുകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാമെന്ന് 'കെയ്സ്' ന്റെ ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന്, 2015-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള 2015 സെപ്റ്റംബർ 18 ലെ 610/2015-ാം നമ്പർ എസ്.ആർ.ഒ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

സമിതി വൈകുന്നേരം 4.10-ന് യോഗം പിരിഞ്ഞു.

## വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## 2015 ഡിസംബർ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2015 ഡിസംബർ മാസം 1-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5'ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ഊർജ്ജ വകുപ്പ് മന്ത്രിയുടെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി.

<u>ഹാജരായ അംഗങ്ങൾ</u>

1) ശ്രീ. എ. കെ. ബാലൻ, എം.എൽ.എ

2) ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ

3) ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ

4) ശ്രീ. എം. ഹംസ, എം.എൽ.എ

5) ശ്രീ. പി. എ. മാധവൻ, എം.എൽ.എ

6) ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ

7) ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

2) ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3) ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1) ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

2) ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

3) ശ്രീമതി പി. ബി. രാധിക, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

4) ശ്രീ. കെ ബിജു, ലേബർ കമ്മീഷണർ

സമിതി 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തൊഴിൽ മേഖലയിൽ "വേജ് പ്രൊട്ടക്ഷൻ സിസ്റ്റം" നടപ്പാക്കുവാനാണ് 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബില്ലിലൂടെ ഉദ്ദേശിക്കുന്നതെന്ന് സമിതി ചെയർമാൻ വ്യക്തമാക്കി. ഇ.എസ്.ഐ, പി.എഫ് തുടങ്ങിയ 42 ഘടകങ്ങൾ

ഉൾപ്പെടുന്ന ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നതെന്നും, അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് ബാങ്ക് വഴി ശമ്പളം നൽകുന്നതോടൊപ്പം അതിന്റെ ഓരോ പകർപ്പ് ജില്ലാ ലേബർ ഓഫീസർക്കും, ലേബർ കമ്മീഷണർക്കും ലഭിക്കുമെന്നും എല്ലാ മേഖലയിലും ശമ്പളം യഥാസമയം നൽകുന്നുണ്ടോയെന്നും വീഴ്ചയുണ്ടോയെന്നും പ്രാദേശിക പരിശോധന നടത്താതെ തന്നെ അറിയാൻ സാധിക്കുമെന്നും ചെയർമാൻ വിശദീകരിച്ചു. പ്രാരംഭത്തിൽ, തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസസ്, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ കമ്പനികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടെക്നോപാർക്കിലെ കമ്പനികൾ എന്നീ 6 മേഖലകളാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഭാവിയിൽ എല്ലാ മേഖലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുമെന്നും ചെയർമാൻ കൂട്ടിച്ചേർത്തു. പ്രസ്തുത സംവിധാനം വ്യാപകമാക്കുന്നതോടെ തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നതിലടക്കം കാണപ്പെടുന്ന നീതിനിഷേധങ്ങൾ അവസാനിപ്പിക്കുവാൻ സാധിക്കുമെന്നും, ഗൾഫ് രാജ്യങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണിതെന്നും സമിതി ചെയർമാൻ ചൂണ്ടിക്കാട്ടി. തൊഴിലാളികൾക്ക് ബാങ്ക് വഴി ശമ്പളം നൽകുന്നതിന് നിലവിലുള്ള നിയമപ്രകാരം അവരുടെ സമ്മതം ആവശ്യമാണെന്നും, സർക്കാർ പ്രത്യേകം വിജ്ഞാപനം ചെയ്യുന്ന സ്ഥാപനങ്ങളിൽ തൊഴിലാളിയുടെ സമ്മതമില്ലാതെ തന്നെ ശമ്പളം ബാങ്ക് വഴി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഭേദഗതിയാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നതെന്നും ചെയർമാൻ വ്യക്തമാക്കി. 'വേജ് പ്രൊട്ടക്ഷൻ സിസ്റ്റം' നടപ്പിലാക്കുവാൻ വേണ്ടി ഓർഡിനൻസ് പുറപ്പെടുവിക്കുകയും അതിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഓർഡിനൻസാണ് ബില്ലാക്കി അവതരിപ്പിച്ചിട്ടുള്ളതെന്നും ചെയർമാൻ വ്യക്തമാക്കി.

സ്വാശ്രയ കോളേജുകളും ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടുമെങ്കിലും തൊഴിൽ വകുപ്പിന്റെ കീഴിലുള്ള അധ്യാപകേതര ജീവനക്കാർ മാത്രമേ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുകയുള്ളുവെന്നും ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം നിലനിറുത്തിയിട്ടുണ്ടെന്നും ശമ്പളം ക്യാഷായി നൽകുന്നതിനു പകരം ബാങ്ക്

അക്കൗണ്ടിലൂടെ നൽകുന്നതിന് തൊഴിലാളിയുടെ സമ്മതം വേണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നുവെന്നേയുള്ളൂവെന്നും വേതനസുരക്ഷാ സംവിധാനത്തിനായി രൂപം നൽകുന്ന പുതിയ നിയമപ്രകാരം പട്ടികയിലുൾപ്പെടുന്ന സ്ഥാപനങ്ങളിൽ ശമ്പളദിവസത്തിന് ഏറ്റവും കുറഞ്ഞത് ഒരു ദിവസത്തിന് മുമ്പെങ്കിലും ബന്ധപ്പെട്ട തൊഴിലാളിക്ക് ഇലക്ട്രോണിക് ശമ്പളസ്ലിപ്പ് നൽകേണ്ടതാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ചെയർമാൻ വ്യക്തമാക്കി.

2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബില്ലിന്മേൽ ശ്രീ. എ. കെ. ബാലൻ, ശ്രീ. പി. കെ. ഗുരുദാസൻ, ശ്രീ. എം. ചന്ദ്രൻ, ശ്രീ. ഹംസ എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതി ഉച്ചയ്ക്കുശേഷം 3.50 ന് യോഗം പിരിഞ്ഞു.

## വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും)

## 2016 ഫെബ്രുവരി 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയസമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2016 ഫെബ്രുവരി 15-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം 12.20 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഊർജ്ജവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായി.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
3. ശ്രീ. എം. ഹംസ, എം.എൽ.എ.
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

2. ശ്രീമതി പി. പി. സജിത, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്

3. ശ്രീ. കെ.ബിജു, ലേബർ കമ്മീഷണർ & ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്

4. ശ്രീ. പി. പ്രമോദ്, ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

5. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ഡി.ഇ.റ്റി

6. ശ്രീ. പി. കെ. മാധവൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇന്റസ്ട്രിയൽ ട്രെയിനിംഗ്

7. ശ്രീ. ബി. ജസ്റ്റിൻരാജ്, ജോയിന്റ് ഡയറക്ടർ, ഡി.ഇ.റ്റി.

8. ശ്രീ. എം. ഉണ്ണികൃഷ്ണൻ, ജനറൽ മാനേജർ, അനെർട്ട്

9. ശ്രീ. കെ. എസ്. ഹരികുമാർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ

10. ശ്രീ. ജെ. ഹരികൃഷ്ണൻ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള അക്കാഡമി ഓഫ് സ്കിൽഡ് എക്സലൻസ്

11. ശ്രീ. കെ.എസ്. ബിജു. ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii)പ്രകാരമുള്ള റിപ്പോർട്ടുകളുടെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

**I. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

(i) 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ പരിഗണിയ്ക്കുകയും ഖണ്ഡിക 5 മുതൽ 25 വരെ, 28, 33, 34, 35, 44, 79, 80-87 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുകയും ചെയ്തു.

സ്കാറ്റേർഡ് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്നും നിലവിൽ എത്ര രൂപയാണ് ചുമട്ടുതൊഴിലാളി പെൻഷനായി നൽകി വരുന്നതെന്നും സമിതി ആരായുകയും സ്കാറ്റേർഡ് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള ക്ഷേമനിധി ബോർഡിന്റെ പ്രൊപ്പോസൽ പെന്റിംഗിലാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ചുമട്ടുതൊഴിലാളി പെൻഷൻ 300 രൂപയിൽ നിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതായും സ്കാറ്റേർഡ് തൊഴിലാളികളുടെ പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതായും, ആയത് പരിശോധിച്ച് വരുന്നതായും, പ്രസ്തുത വിഷയം സർക്കാർ അംഗീകരിച്ചിട്ടില്ലെന്നും, സ്കാറ്റേർഡ് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ച് നൽകേണ്ടത് ഗവൺമെന്റും, പണം അനുവദിക്കേണ്ടത് ബോർഡുമാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ പെന്റിംഗിൽ വയ്ക്കേണ്ട കാര്യമില്ലെന്നും, ഈ വിഷയത്തിൽ അടിയന്തര തീരുമാനം എടുത്തശേഷം ബോർഡിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു

(ഫയൽ നമ്പർ 3216/സബ്.സി.സി1/14/നി.സെ.)

(ii) 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 43, 44, 45, 47, 48, 56, 77, 78, 79, 80, 81, 82, 83, 84, 85, 86, 87, 88, 89 എന്നീ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

പുതിയതായി ആരംഭിച്ച ഐ.റ്റി.ഐ.കളിൽ അദ്ധ്യാപകരെയും ജീവനക്കാരെയും അനുവദിക്കുന്ന വിഷയത്തിലെ തീരുമാനം സമിതി ആരാഞ്ഞു. പുതിയ ഐ.റ്റി.ഐ.കളിൽ ഇൻസ്ട്രക്റ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായെങ്കിലും ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടില്ലെന്നും, നിലവിൽ മറ്റ് ഐ.റ്റി.ഐ.കളിൽനിന്നും ഇൻസ്ട്രക്ടർമാരെ താൽക്കാലികമായി നിയമിച്ചുവരുന്നതായും, വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന് നിരവധി കത്തുകൾ അയച്ചിട്ടുള്ളതായും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഐ.ടി.ഐ.കളിൽ സ്ഥിരമായി ഒരു ഇൻസ്ട്രക്ടർ എങ്കിലും ഇല്ലാതെ സ്ഥാപനം നടത്തുവാൻ പ്രയാസമാണെന്നും, തസ്തിക സൃഷ്ടിക്കുന്നതിന് ഭരണവകുപ്പ് ധനകാര്യവകുപ്പിനെ അറിയിച്ച് ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചശേഷം മന്ത്രിസഭ അംഗീകരിക്കേണ്ടതുണ്ടെന്നും അതുവരെ നിലവിലുള്ള സംവിധാനത്തിൽ ഒരാളെ സ്ഥിരം നിയമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗസ്റ്റ് ലക്ച്ചറർമാരെ മാത്രം നിയമിക്കുന്നത് വിദ്യാർത്ഥികൾക്ക് ഗുണകരമാകാത്തതിനാൽ ഐ.ടി.ഐ.കളിൽ സ്ഥിരമായി ഇൻസ്ട്രക്ടർ തസ്തിക ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും അതിന് നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച് ലെഫ്റ്റനന്റ് കേണൽ നിരഞ്ജൻ കുമാർ സ്മാരക ഐ.ടി.ഐ.യ്ക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി ലഭിച്ചിട്ടും സ്ഥലം ലഭിച്ചിട്ടില്ലെന്ന കാരണത്താൽ കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് തടസ്സം നിൽക്കുകയാണെന്നും യഥാർത്ഥത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ പെർമിസ്സീവ് സാങ്ഷനും എൻ.ഒ.സി.യും ലഭിച്ചിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു.

കെട്ടിടം പണിയുന്നതിന് പെർമിസ്സീവ് സാങ്ഷൻ ലഭിക്കുകയുണ്ടായെങ്കിലും സ്ഥലം കൈമാറി ലഭിച്ചിട്ടില്ലെന്ന് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു കെട്ടിടം പണിയുന്നതിന് പെർമിസ്സീവ് സാങ്ഷൻ മതിയാകുമെന്നും സ്ഥലം കൈമാറ്റത്തിന് സമയമെടുക്കുമെന്നതിനാൽ പ്രസ്തുത കാരണം ചൂണ്ടിക്കാട്ടി ഐ.റ്റി.ഐ.യ്ക്ക് കെട്ടിടം പണിയുന്നതിൽ വ്യാവസായിക പരിശീലന വകുപ്പ് തന്നെ തടസ്സം നിൽക്കുന്നത് ശരിയായ പ്രവണതയല്ലെന്നും സമിതി വ്യക്തമാക്കി.

വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി രജിസ്റ്റർ ചെയ്ത് ലഭിക്കാത്തതിനാലാകണം തടസ്സമുന്നയിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, ഭൂമി രജിസ്റ്റർ ചെയ്ത് ലഭിക്കണമെങ്കിൽ ഭൂമി കൈവശമുള്ള വകുപ്പ് റവന്യൂ വകുപ്പിനെ സമീപിക്കണമെന്നും, റവന്യൂ വകുപ്പ് വിഷയം മന്ത്രിസഭായോഗത്തിൽ ഉന്നയിച്ച് അംഗീകരിക്കേണ്ടതുണ്ടെന്നും, അപ്രകാരം മാത്രമേ ഭൂമിയിന്മേലുള്ള പൂർണ്ണ അധികാരം വ്യാവസായിക പരിശീലന വകുപ്പിന് ലഭിക്കുകയുള്ളുവെന്നും അഭിപ്രായപ്പെട്ടു. ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചെങ്കിൽ മാത്രമേ കെട്ടിടം പണിയൂയെന്ന് വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിച്ചിട്ടുള്ള നിലപാടിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കെട്ടിടം പണിയുന്നതിന് പെർമിസ്സീവ് സാങ്ഷൻ മതിയെന്നുള്ളത് സർക്കാരിന്റെ നിലപാടാണെന്നും, ജലസേചന വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുള്ളതിനാൽ, പ്രസ്തുത വിഷയം അജണ്ടയ്ക്ക് പുറത്തുള്ള ഇനമായി മന്ത്രിസഭായോഗത്തിൽ പരിഗണിക്കാവുന്നതേയുള്ളുവെന്നും സമിതി വ്യക്തമാക്കി. പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വെയ്ക്കുന്നതാണെന്ന് വ്യാവസായിക പരിശീലനവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

(ഫയൽ നമ്പർ.3511/സബ്.സി.സി1/15/നി.സെ)

(iii) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള വ്യാവസായിക പരിശീലന വകുപ്പിനെ

സംബന്ധിച്ച റിപ്പോർട്ടിലെ ഖണ്ഡിക 6,14,17,19 എന്നീ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

(ഫയൽ നം. 5097/സബ്.സി.സി1/12/നി.സെ.)

II കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ള റിപ്പോർട്ടുകളുടെ കരട് പരിഗണന.

(1)വിവിധ വൈദ്യുത പദ്ധതികൾ, എനർജി മാനേജ്മെന്റ് സെന്റർ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3833/സബ്.സി.സി1/14/നി.സെ.)

(2) തൊഴിൽ നൈപുണ്യ വികസന പദ്ധതി സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 5225/സബ്.സി.സി1/15/നി.സെ.)

സമിതി ഉച്ചയ്ക്കുശേഷം 1.10 ന് യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.